MAWAQ
Maniyur Muslim Welfare Association Qatar

# മവാഖ്

ത്രൈമാസ ബുള്ളറ്റിൻ

മർഹമ
MUTUAL HELPING PROGRAM
പ്രവാസ ജീവിതത്തിന് വിരാമമിട്ട് നാടണയുമ്പോൾ മവാഖിൽ നിന്നുമൊരു സ്നേഹസ്പർശം...

അഞ്ചാം ലക്കം | ഒരു മവാഖ് പ്രസിദ്ധീകരണം | July 2021




## അകത്താളുകളിൽ


01 ബലിപെരുന്നാൾ സന്ദേശം
മുഹമ്മദ് അനീസ് നിസാമി

03 ലേഖനം
ഡിജിറ്റൽകാലത്തെ എഴുത്തും വായനയും
അഷ്റഫ് തറോൽ

03 ഓടിത്തളരുന്ന ലഹരിജീവിതങ്ങൾ
റഖീബ്

05 മവാഖ് NMMS പരീക്ഷ വിജയം നേടിയവർ
ടി.അബ്ദുറഹ്മാൻ മാസ്റ്റർ

05 ലേഖനം
മാറ്റത്തിരുത്തുകൾ
സമീറ നൗഷാദ്

06 മവാഖിന്റെ തൂവൽസ്പർശം
നജ്മ റഫീഖ്


07 കഥ
തിരശീലയ്ക്കപ്പുറം
മുനീർ എം.പി

09 ലേഖനം
പെരുന്നാളുകൾ നമ്മളോട് പറയുന്നത്
അഹമ്മദ് കരിങ്ങാറ്റിൽ










# ബലിപെരുന്നാൾ സന്ദേശം



**മുഹമ്മദ് അനീസ് നിസാമി**
(ഖത്തീബ്, കുറുന്തോടി മഹൽ)

ഒരു പ്രവാചക കുടുംബത്തിന്റെ ത്യാഗോജ്ജ്വലവും വിസ്മയകരവുമായ ജീവിതത്തെ അനുസ്മരിച്ചുകൊണ്ട് അതിരറ്റ ആഹ്ലാദത്തോടെ വിശ്വാസി സമൂഹം ബലിപെരുന്നാൾ ആഘോഷിക്കുകയാണ്. ലോകത്തെ നടുക്കിയ ഒരു വൈറസിന്റെ പിടിയിൽനിന്നും ഇനിയും മോചനം ലഭിക്കാത്ത അത്യധികം ഗുരുതരമായ സാഹചര്യത്തിലാണ് ഈ വർഷത്തെ ബലി പെരുന്നാൾ നമ്മിലേക്ക് കടന്നുവന്നത്. അതിനാൽ ഏറെ കരുതലോടെയും ജാഗ്രതയോടെയും, സ്വയം നിയന്ത്രണങ്ങളോടെയുമാകണം ഈദ് ആഘോഷങ്ങളിൽ പങ്കാളികളാവാൻ.

***മഹാനായ പ്രവാചകൻ ഖലീലുള്ളാഹി ഇബ്രാഹിം നബി (അ)ന്റെയും കുടുംബത്തിന്റെയും ജീവിതപാഠങ്ങളുടെ അനുസ്മരണമാണ് ബലിപെരുന്നാൾ ആഘോഷത്തിന്റെ പൊരുൾ. ആ ജീവിതദൗത്യം ഏറ്റെടുക്കുക എന്നതാണ് ഈ സുദിനം നമുക്ക് നൽകുന്ന പ്രധാന സന്ദേശം.***

## 1. സമ്പൂർണ്ണമായ സമർപ്പണം

സർവ്വജ്ഞനും സർവ്വാധിപതിയുമായ പടച്ച തമ്പുരാന് മുമ്പിൽ തന്നെയും തന്റെ സർവ്വസ്വവും സമർപ്പിക്കുക.

ചരിത്രത്തിന്റെ ഇന്നലെകളിൽ അഥവാ ഏകദേശം നാലായിരം വർഷങ്ങൾക്ക് മുമ്പ് ജീവിതം ഇതിഹാസമാക്കി മാറ്റിയ ഒരു മഹാ പ്രവാചകന്റെ സമ്പൂർണ്ണമായ സമർപ്പണത്തിന്റെ മഹനീയ മാതൃക. പിറന്ന നാടിനെയും ജനിച്ചുവളർന്ന മണ്ണിനെയും സ്വകുടുംബത്തെയും ഉപേക്ഷിച്ചുകൊണ്ട് ഇലാഹി പ്രീതിക്കുവേണ്ടിയുള്ള പലായനം, അഥവാ പ്രിയതമയേയും ലാളിച്ച് കൊതിതീരാത്ത പിഞ്ചുപൈതലിനെയും കൂട്ടി ഇറാഖിലെ ബാബിലോണിൽ നിന്ന് ദുർഘടമായ പാതകൾ താണ്ടി യാതൊരുവിധ ഭൗതികനേട്ടങ്ങൾക്കും സാധ്യതയില്ലാതിരുന്ന



മക്കാ മരുഭൂമിയിലേക്കുള്ള നീണ്ട യാത്ര. ആ വിജനമായ മരുഭൂമിയിൽ പ്രിയതമയേയും പിഞ്ചോമനകളേയും വിട്ടിട്ടുള്ള മടക്കയാത്ര, എല്ലാത്തിനുമുപരി തന്റെ എല്ലാമെല്ലാമായ പിഞ്ചുമകന്റെ കഴുത്തിൽ കത്തിവെക്കാനുള്ള കൽപ്പനയെയാതൊരു സന്ദേഹം കൂടാതെ നടപ്പാക്കാൻ കാട്ടിയ വ്യഗ്രത. ഇതെല്ലാം ഇലാഹീ സ്നേഹത്തിന്റെയും സമർപ്പണത്തിന്റെയും സമുന്നതമായ മാതൃകയാണ്.

അല്ലാഹു പറയുന്നു:

وَإِذِ ابْتَلَىٰ إِبْرَاهِيمَ رَبُّهُ بِكَلِمَاتٍ فَأَتَمَّهُنَّ (البقرة - ١٢٤))

"ഇബ്രാഹീമിനെ അദ്ദേഹത്തിന്റെ രക്ഷിതാവ് പല കല്പനകൾ കൊണ്ട് പരീക്ഷിക്കുകയും, അദ്ദേഹമത് പൂർത്തിയാക്കുകയും ചെയ്തു."

സമ്പൂർണ്ണമായ രീതിയിൽ അദ്ദേഹം തന്നെ സമർപ്പിച്ചപ്പോൾ സമുന്നത സ്ഥാനത്തേക്ക് അല്ലാഹു അദ്ദേഹത്തെ ഉയർത്തി.

അല്ലാഹു പറയുന്നു:

قَالَ إِنِّي جَاعِلُكَ لِلنَّاسِ إِمَامًا  البقرة - ١٢٤))

"അല്ലാഹു (അപ്പോൾ) അദ്ദേഹത്തോട് പറഞ്ഞു: ഞാൻ താങ്കളെ മനുഷ്യർക്ക് നേതാവാക്കിയിരിക്കുന്നു."

അതിനാൽ ഈ ഈദ് ദിനത്തിൽ ഇബ്രാഹീം നബി കാട്ടിത്തന്ന ഈ മാതൃകാ സന്ദേശത്തെ നാം ഏറ്റെടുക്കുക.

## 2. സൗഹാർദ്ദം ഊട്ടിയുറപ്പിക്കുക.

വർണ്ണവർഗ്ഗദേശഭാഷാചിന്തകൾക്കതീതമായി ഒരേ വേഷവും ഒരേ ചിന്തയും ഒരേ മന്ത്രങ്ങളുമായി ലക്ഷോപലക്ഷം വരുന്ന ഒരു ജനസഞ്ചയം ഓരോ വർഷവും അറഫാ മൈതാനിയിൽ ഒത്തുകൂടാറുണ്ട്. ലോകത്ത് വിവിധ മതങ്ങളും വ്യത്യസ്ത സംസ്കാരങ്ങളും നിലവിലുണ്ട്. അവയ്ക്കൊന്നും സാധ്യമാകാത്ത മാനവ ഐക്യത്തിന്റെ മഹാ സന്ദേശമാണ് നൂറ്റാണ്ടുകളായി ഓരോ വർഷവും ഇസ്‌ലാം ലോകത്തിന് കൈമാറിക്കൊണ്ടിരിക്കുന്നത്.

ആധുനികതയുടെ പര്യായമായി ഉയർത്തിക്കാണിക്കപ്പെടുന്ന അമേരിക്കയിൽ കറുത്തവരും വെളുത്തവരും തമ്മിലുള്ള വംശീയ ഏറ്റുമുട്ടലുകളുടെ വാർത്തകൾ നിരന്തരം നാം കേട്ടുകൊണ്ടിരിക്കുന്നു. അതുപോലെ സംസ്കാരങ്ങളുടെ സംഗമഭൂമിയായ ഇന്ത്യ ജാതിവ്യവസ്ഥയുടെ ദുരിതത്തിൽ നിന്നും ഇനിയും മോചിതമായിട്ടില്ല. ഈ സാഹചര്യത്തിലാണ് ജനലക്ഷങ്ങൾ ഒരു മൈതാനിയിൽ ഒരുമിച്ചുകൂടുന്നത്. അവരിൽ ഭരണാധികാരികളുണ്ട്, ഭരണീയരുണ്ട്. പണ്ഡിതരും പാമരരുമുണ്ട്. ധനികരും ദരിദ്രരുമുണ്ട്. കറുത്തവരും വെളുത്തവരുമുണ്ട്. അറബികളും അനറബികളുമുണ്ട്. നഗരവാസികളും ആദിവാസികളുമുണ്ട്. അവർക്കിടയിൽ വേർതിരിവുകളില്ല, തൊട്ടുകൂടായ്മയില്ല. എല്ലാവരുടെയും വേഷവും ലക്ഷ്യവുമൊന്ന്. ചിന്തകളും മന്ത്രങ്ങളുമൊന്ന്. വിശുദ്ധ ഖുർആൻ പ്രഖ്യാപിച്ച ഐക്യത്തിന്റെയും ഏകതയുടെയും സന്ദേശത്തിന്റെ പ്രായോഗിക രംഗമാണിത്.

ഖുർആൻ പറയുന്നു:

يَا أَيُّهَا النَّاسُ إِنَّا خَلَقْنَاكُم مِّن ذَكَرٍ وَأُنثَىٰ وَجَعَلْنَاكُمْ شُعُوبًا
وَقَبَائِلَ لِتَعَارَفُوا  إِنَّ أَكْرَمَكُمْ عِندَ اللَّهِ أَتْقَاكُمْ

(حجرات-13)

"ഹേ മനുഷ്യരേ, ഒരാണിൽ നിന്നും പെണ്ണിൽ നിന്നുമാണ് ഞാൻ നിങ്ങളെ സൃഷ്ടിച്ചത്. നിങ്ങളെ വ്യത്യസ്ത സമൂഹവും ഗോത്രവുമാക്കിയത് തിരിച്ചറിയപ്പെടാൻ വേണ്ടി മാത്രമാണ്. നിങ്ങളിൽ ഏറ്റവും ഉത്തമർ ഭക്തിയുള്ളവർ മാത്രമാണ്."

നബി (സ)യുടെ വിഖ്യാതമായ അറഫ പ്രഭാഷണത്തിൽ നബി(സ) പറഞ്ഞു.

إنَّ دِماءَكُم، وأمْوالَكم وأعْراضَكُم حرامٌ عَلَيْكُم  متفقٌ عَلَيهِ.

"ജനങ്ങളേ, നിങ്ങളുടെ രക്തവും നിങ്ങളുടെ സമ്പത്തും അഭിമാനവും പവിത്രമായതാണ്. അഥവാ മറ്റൊരാളുടെ ജീവനിൽ, സമ്പത്തിൽ, അഭിമാനത്തിൽ കയ്യേറ്റം നടത്താൻ ആർക്കും അവകാശമില്ല."



നബി (സ) അരുളി:

يا أيُّها الناسُ إنَّ ربَّكمْ واحِدٌ ألا لا فضلَ لِعربِيٍّ على عجَمِيٍّ
ولا لِعجَمِيٍّ على عربيٍّ ولا لأحمرَ على أسْودَ
ولا لأسودَ على أحمرَ إلَّا بالتَّقوَى إنَّ أكرَمكمْ عند اللهِ أتْقاكُمْ  البيهقي

"ഹേ, ജനങ്ങളേ, നിങ്ങളുടെ നാഥൻ ഏകനാണ്. അറബിക്ക് അനറബിയേക്കാളോ, അനറബിക്ക് അറബികളേക്കാളോ, കറുത്തവന് വെളുത്തവനേക്കാളോ, വെളുത്തവന് കറുത്തവനേക്കാളോ യാതൊരു മഹത്വവുമില്ല. ഭക്തിയുടെ അടിസ്ഥാനത്തിലല്ലാതെ, നിങ്ങളിൽ ഏറ്റവും മാന്യൻ ഏറ്റവും ഭക്തിയുള്ളവരാണ്."

പാരമ്പര്യത്തിലും കുലമഹിമയിലും മേനി നടിച്ചിരുന്ന അറബികൾക്ക് മുന്നിലാണ് ഈ മാനവികതയുടെ പ്രഖ്യാപനം നബി(സ) നടത്തിയത്. ഉന്നതന്മാരായ അറബി പ്രമാണിമാർ നോക്കിനിൽക്കെ കറുകറുത്ത ബിലാലിനെ കഅ്ബാലയത്തിന്റെ മുകളിലേക്ക് വിളിച്ചുകയറ്റിയും, വിദേശിയായ സൽമാനുൽഫാരിസിനെയും ധനികനായ അബ്ദുറഹ്മാനുബ്നു ഔഫിനെയും ദരിദ്രനായ അമ്മാറിനെയും നീഗ്രോയായ ബിലാലിനെയും ഒരേ പാത്രത്തിൽ നിന്നും ഊട്ടിക്കൊണ്ടും സമത്വത്തിന്റെയും തുല്യതയുടെയും സന്ദേശം നബി(സ) പകർന്നുനൽകി. ഈയൊരു സന്ദേശമാണ് ഈ ഹജ്ജ് വേളയിൽ നമുക്ക് ഏറ്റെടുക്കാനുള്ളത്.

## 3. ധർമ്മ പോരാട്ടം

ഈ ഈദ് സുദിനത്തിൽ നാം ഏറ്റെടുക്കേണ്ട മൂന്നാമത്തെ സന്ദേശം വർത്തമാനകാല ഇന്ത്യൻ സാഹചര്യത്തിൽ ധർമ്മ പോരാട്ടത്തിന്റെതാണ്. ഒരുകാലത്ത് ലോകം അടക്കിഭരിച്ച നംറൂദിയൻ ഫാസിസത്തിനെതിരെ വിശ്വാസത്തിന്റെ കരുത്തും ആദർശ ദൃഢതയും കൊണ്ട് പൊരുതിനിന്ന മഹാ പ്രവാചകന്റെ ഉദാത്ത മാതൃക. ചരിത്രത്തിൽ ധർമ്മപോരാട്ടം നടത്തിയ പ്രവാചകൻമാർക്കെല്ലാവും സഹായികളും സഹചാരികളുമുണ്ടായിരുന്നു. മൂസാ പ്രവാചകന് സഹോദരൻ ഹാറൂനും മറ്റ് അനുയായികളുമുണ്ടായിരുന്നു. ഈസാ പ്രവാചകന് അപ്പോസ്തലന്മാരുണ്ടായിരുന്നു. മുഹമ്മദ് നബിക്ക് അബൂബക്കറും ഉമറും ഉസ്മാനുമുണ്ടായിരുന്നു. എന്നാൽ നംറൂദ് എന്ന മഹാ സാമ്രാജ്യത്തിനെതിരിൽ ഏകനായി പൊരുതിയ ആദർശധീരനായിരുന്നു ഇബ്രാഹിം നബി. സ്വന്തം പിതാവ് പോലും എതിർ ചേരിയിലായിരുന്നു. സമൂഹത്തിൽ നടമാടിയിരുന്ന അരുതായ്മകൾക്കും അടിച്ചമർത്തലുകൾക്കുമെതിരെ അദ്ദേഹം ധീരമായി പോരാടി. രാജാവായി വാഴിക്കാമെന്ന പ്രലോഭനമോ തീയിലിട്ട് കൊണ്ടുള്ള പീഡനമോ അദ്ദേഹത്തെ ധർമ്മപോരാട്ടത്തിൽ നിന്നും പിന്തിരിപ്പിച്ചില്ല. എല്ലാം സ്രഷ്ടാവിൽ അർപ്പിച്ച് ആരെയും കൂസാതെ അദ്ദേഹം പോരാടി. മഹത്തായ ഒരാദർശം അദ്ദേഹം ലോകത്ത് സ്ഥാപിച്ചു. അത് മാഞ്ഞ് പോകാതിരിക്കാനുള്ള വഴികളെപ്പറ്റി അദ്ദേഹം ചിന്തിച്ചു. അതിനായി പ്രാർത്ഥിച്ചു. അദ്ദേഹത്തിന്റെ പ്രാർത്ഥന ഖുർആൻ വിവരിക്കുന്നു.

رَبَّنَا وَاجْعَلْنَا مُسْلِمَيْنِ لَكَ وَمِنْ ذُرِّيَّتِنَا أُمَّةً مُسْلِمَةً لَكَ
وَأَرِنَا مَنَاسِكَنَا وَتُبْ عَلَيْنَا  إِنَّكَ أَنْتَ التَّوَّابُ الرَّحِيمُ
رَبَّنَا وَابْعَثْ فِيهِمْ رَسُولًا مِنْهُمْ يَتْلُو عَلَيْهِمْ آيَاتِكَ وَيُعَلِّمُهُمُ
الْكِتَابَ وَالْحِكْمَةَ وَيُزَكِّيهِمْ  إِنَّكَ أَنْتَ الْعَزِيزُ الْحَكِيمُ

(بقرة - ١٢٨،١٢٩))

"ഞങ്ങളേയും ഞങ്ങളുടെ പരമ്പരയേയും നിന്നെ അനുസരിക്കുന്നവരാക്കണം. ഞങ്ങളുടെ കർമ്മമാർഗ്ഗങ്ങളെ ഞങ്ങൾക്ക് നീ കാണിച്ച് തരണം. ഞങ്ങളുടെ പശ്ചാത്താപം നീ സ്വീകരിക്കണം. നിശ്ചയം നീ പശ്ചാത്താപം സ്വീകരിക്കുന്നവനും കാരുണ്യവാനുമാണ്."

ഞങ്ങളുടെ പിന്മുറയിൽ ആദർശ പ്രബോധകരായ ദൂതൻമാരെ നീ നിയോഗിക്കണം. അവർ നിന്റെ വചനങ്ങളും വിജ്ഞാനങ്ങളും ജനങ്ങൾക്ക് ഓതി കേൾപ്പിക്കുകയും പഠിപ്പിക്കുകയും അവരെ സംസ്കാരിക്കുകയും ചെയ്യും. നിശ്ചയം നീ പ്രതാപശാലിയും യുക്തിമാനുമാണ്.

നബി പറഞ്ഞു:

أَنَا دَعْوَةُ أَبِي إِبْرَاهِيمَ  (حاكم)

"എന്റെ നിയോഗം പൂർവ്വികനായ ഇബ്രാഹിമിന്റെ പ്രാർത്ഥനയുടെ ഫലമാണ്."

ഈ രീതിയിൽ അദ്ദേഹം ആദർശ നിലനിൽപ്പിനായും യത്നിച്ചു. നമ്മുടെ നാടിന്റെ വർത്തമാനകാല സാഹചര്യങ്ങളിൽ നാം ഏറ്റെടുക്കേണ്ട ദൗത്യവും ഇതാണ്. ജനിച്ചുവളർന്ന മണ്ണിൽ പഠിച്ചുവളർന്ന ആദർശവുമായി അന്തസ്സോടെ നമുക്ക് ജീവിക്കണം. നിരപരാധികളുടെ രക്തം ഊറ്റിക്കുടിച്ച് ഫാസിസം രാക്ഷസവേഷം കെട്ടിയാടുമ്പോൾ അതിന് പ്രതിരോധം തീർക്കാൻ നാം ബാധ്യസ്ഥരാണ്.

ഖുർആൻ പറയുന്നു:

وَلَوْلَا دَفْعُ اللَّهِ النَّاسَ بَعْضَهُم بِبَعْضٍ لَّفَسَدَتِ الْأَرْضُ (بقرة - ٢٥١)

"ഒരുകൂട്ടർ അക്രമം പ്രവർത്തിക്കുമ്പോൾ അവരെ തടഞ്ഞില്ലെങ്കിൽ ഭൂമി കലുഷിതമായി നാശത്തിലകപ്പെടും."

وَلَوْلَا دَفْعُ اللَّهِ النَّاسَ بَعْضَهُم بِبَعْضٍ لَّهُدِّمَتْ صَوَامِعُ
وَبِيَعٌ وَصَلَوَاتٌ وَمَسَاجِدُ يُذْكَرُ فِيهَا اسْمُ اللَّهِ كَثِيرًا
( حج - ٤٠)

"ഒരുകൂട്ടർ അക്രമം പ്രവർത്തിക്കുമ്പോൾ അവരെ, തടഞ്ഞില്ലെങ്കിൽ പള്ളികളും ചർച്ചുകളും അമ്പലങ്ങളും ധാരാളമായി തകർക്കപ്പെടും."

അതിനാൽ അധാർമ്മികതകൾക്കെതിരെ ധാർമ്മികവിപ്ലവം നടത്തിയ ഇബ്രാഹിം നബിയെ മാതൃകയാക്കി അദ്ദേഹത്തിന്റെ ജീവിതം നൽകുന്ന ഈ സന്ദേശങ്ങളെ ഈ ഈദ് സുദിനത്തിൽ നാം ഏറ്റെടുക്കുക.

നിഷ്കളങ്കമായി ബലികർമ്മം നിർവ്വഹിക്കുക.

അല്ലാഹു പറയുന്നു:

لَن يَنَالَ اللَّهَ لُحُومُهَا وَلَا دِمَاؤُهَا وَلَٰكِن يَنَالُهُ التَّقْوَىٰ مِنكُمْ  ( حج - ٣٧)

"നിങ്ങളുടെ ബലിമൃഗത്തിന്റെ രക്തമോ മാംസമോ അല്ലാഹുവിലേക്ക് എത്തുന്നില്ല, മറിച്ച് നിങ്ങളുടെ ഭക്തിയാണ് അല്ലാഹുവിങ്കലെത്തുന്നത്."

പെരുന്നാൾ നിസ്കാരം നിർവ്വഹിച്ചതിന് ശേഷം മുതൽ ദുൽഹജ്ജ് 13 അസ്തമയം വരെയാണ് ഉദ്ഹിയയുടെ സമയം.

അതോടൊപ്പം കോവിഡ്-19 വൈറസ് ബാധയെ തുടർന്നുണ്ടായ പ്രതിസന്ധികളിൽ പെട്ട് വരുമാന മാർഗ്ഗങ്ങളെല്ലാം നിലച്ച് ജീവിതം വഴിമുട്ടിയ ഒട്ടനവധി ആളുകൾ നമുക്ക് ചുറ്റുമുണ്ട്. അവരെ സഹായിച്ചും അവരെ ആശ്വസിപ്പിച്ചും അവശ്യവസ്തുക്കളെത്തിച്ച് കൊടുത്തും നമ്മുടെ ആഘോഷത്തിൽ അവരെയും പങ്കുചേർക്കുക.

وبالله التوفيق

ഏവർക്കും ആകിഫിന്റെ ഹൃദ്യമായ ബലി പെരുന്നാൾ ആശംസകൾ. ■



# ഡിജിറ്റൽ കാലത്തെ
# എഴുത്തും വായനയും



**അഷ്റഫ് തറോൽ**



ഡിജിറ്റൽ കാലത്ത് എഴുത്തുണ്ട്. വായനയോ! എഴുത്തിനെ പറ്റി: ഒരാശയം മനസ്സിൽ കിടന്നു പിടച്ചാൽ പേനയും പേപ്പറും എടുത്തു റഫർ ചെയ്യേണ്ട പുസ്തകങ്ങളും ശബ്ദതാരാവലിയും എടുത്തുവെച്ച് എഴുതാൻ ഇരുന്ന ഒരുകാലത്ത് ഗൂഗിളിന്റെ കൈയ്യെഴുത്ത് മാസ്മരിക ലോകത്ത് ആശയവും ഭാഷയും...! മൊബൈൽ പ്രളയത്തിൽ നല്ലത് പലതും ഒലിച്ചുപോയി....

ചവറുകൾ കരക്കടിഞ്ഞു...
കര പറ്റിയതിനെ മാറോടണച്ചു...

കവികളും എഴുത്തുകാരും കൂടുകയും വായനക്കാർ കുറഞ്ഞു വരികയും ചെയ്യുകയാണ്. ഡിജിറ്റൽ എഴുത്തുകാർ കാരണം വംശ നാശം സംഭവിച്ചത് പുസ്തകങ്ങൾക്കും പ്രസാധകർക്കും. പ്രസാധ കർക്ക് വേണ്ടത് മാർക്കറ്റാണ്. തന്റെ സൃഷ്ടികൾ പോസ്റ്റ് ചെയ്യുന്നതി ലൂടെ കിട്ടുന്ന ലൈക്കുകൾക്കിടയിൽ ഉന്മത്തനായി താൻ എഴുത്തിന്റെ സർവ്വജ്ഞപീഠം കയറിയവരാണെന്ന് സ്വയം ധരിക്കുന്നു. മരണത്തിനു പോലും ലൈക്ക് അടിക്കുന്ന സോഷ്യൽ മീഡിയയിൽ നശിക്കുന്നത് എഴുത്തുകാരനന്റെ പ്രതിഭയും അവനിലുള്ള പ്രതീക്ഷയുമാണ്.

വീട്ടിൽ ഇംഗ്ലീഷിലും മലയാളത്തിലുമായി നാലഞ്ചു പത്രങ്ങൾ വരുന്നവരും വായിക്കുന്നത് ഡിജിറ്റൽ മീഡിയയിലൂടെയാണ്. ഡിജി റ്റൽ എഴുത്തിന് ഒന്നൊന്നര ദിവസം ആയുസ്സു മാത്രമേ എഴുതുന്നവർ പോലും പ്രതീക്ഷിക്കുന്നുള്ളൂ. ഒരു പുസ്തകം വായിക്കുമ്പോൾ കിട്ടുന്ന സുഖം സ്ക്രീനിൽ കിട്ടുകയില്ല. മഷി പുരളുന്ന സൃഷ്ടികൾക്ക് സാഹിത്യലോകത്ത് ഗൗരവമായ വായനയുണ്ട്.

### ഡിജിറ്റൽ വായന

ഇത് ഒരു ഒറ്റക്കാൽ വായനയാണ് . എന്തു വായിക്കണം എന്നതി നേക്കാൾ ആരുടെ വായിക്കണം.. ലൈക്ക് സൃഷ്ടി നോക്കിയല്ല സൃഷ്ടിയുടെ സ്രഷ്ടാവിനെ നോക്കിയാണ്. നാട്ടിൻപുറത്തെ ലൈബ്രറി കളും വായനശാലകളും നാശം വന്നത് വായനാലോകത്ത് വന്ന ദാരിദ്ര്യം മൂലമാണ്. ഡിജിറ്റൽ വായന അപൂർണമാണ്. വേണ്ടത്ര വിശ്വാസ്യത കിട്ടാത്ത ഒരു വായന അനുഭവം കാഴ്ചവെക്കുന്ന ഡിജി റ്റൽ ലോകം. അവിടെയാണ് മഷിപുരണ്ട അച്ചടിയുടെ മഹത്വം.

ഇങ്ങനെയൊക്കെയാണെങ്കിലും കാലുകൾ നിലത്തുറപ്പിക്കാൻ സമയം ഇല്ലാതാകുന്ന ഇന്നത്തെ യാന്ത്രിക ജീവിതത്തിൽ ചിലർ ക്കെങ്കിലും ഡിജിറ്റൽ എഴുത്തുകൾ വായനയുടെ ഒരു മാധ്യമമാണ്.

***ജൂൺ 19, വായനാദിനമായിരുന്നു.***




ചെറിയപെരുന്നാൾ ദിനത്തിൽ നടന്ന പ്രൗഢഗംഭീരമായ മവാഖ് ഓൺലൈൻ സൗഹൃദ സംഗമത്തിൽ ബഹു: കെ. പി. കുഞ്ഞമ്മദ്കുട്ടി മാസ്റ്റർ (കുറ്റ്യാടി മണ്ഡലം എം. എൽ. എ), മണിയൂർ പഞ്ചായത്ത് പ്രസിഡണ്ട് ടി. കെ. അഷ്റഫ്, മുൻ എം. എൽ. എ പാറക്കൽ അബ്ദുല്ല, ഡോ: ഇദ്‌രീസ് (ചെയർമാൻ, തണൽ), ഇയ്യാച്ചേരി കുഞ്ഞി കൃഷ്ണൻ (മദ്യനിരോധനസമിതി സംസ്ഥാന പ്രസിഡണ്ട്) എന്നിവർ പങ്കെടുത്തു.

# ഓടിത്തളരുന്ന ലഹരിജീവിതങ്ങൾ



**റഖീബ് തട്ടാറത്ത്**

"എന്തുവന്നാലുമാസ്വദിച്ചീടണം
മുന്തിരിച്ചാറു പോലുള്ളൊരീ ജീവിതം..."
എവിടെയോ വായിച്ച വരികളുടെ നേർത്ത ശബ്ദം.

പണി തീരാത്ത വീടിന്റെ ചുമരിൽ വോൾട്ടേജ് കുറഞ്ഞ ബൾബ് കത്തി ക്കൊണ്ടിരിക്കുന്നു. മുറ്റത്ത് രണ്ടും എട്ടും വയസ്സ് പ്രായം തോന്നിക്കുന്ന കുട്ടികൾ അമ്മയുടെ മുഷിഞ്ഞ മേക്സിയിൽ മുറുക്കി പിടിച്ചു നിൽക്കുന്ന കാഴ്ച. അസ്തമയസമയം കഴിഞ്ഞ ആകാശം പോലെ മുഖം, ദാരിദ്ര്യം ഉടുത്തിരിക്കുന്ന വസ്ത്രത്തിനുള്ളിൽ ഒളിപ്പിച്ച ഒരു പെൺകോലം.

പാതിരാത്രിയുടെ നിശബ്ദതയിൽ ഫോൺ റിംഗ് ചെയ്തപ്പോൾ ഒന്നു ഞെട്ടി. ആരാണാവോ ഈ നേരത്ത്? ഫോണിന്റെ മറുതലക്കൽ കരച്ചിൽ മാത്രം. മറുമൊഴിയിൽ സമാധാനത്തിന്റെ ദൂത് പറത്തിവിട്ട്, സ്ഥലം പറയാൻ ആവശ്യ പെടുകയായിരുന്നു. മേൽവിലാസം ചോദിക്കാൻ ഒരു പൂച്ചക്കുഞ്ഞു പോലും ഈ വഴിക്ക് എവിടെയുമില്ലല്ലോ പടച്ചോനെ... അട്ടഹാസത്തിൻ ശബ്ദം കേട്ട ദിക്ക് ലക്ഷ്യമാക്കി നടന്നു. സ്ഥലത്തെത്താൻ നേരത്ത് കവിതയുടെ വരികൾ കാതുകൾ വീണ്ടും കേട്ടുതുടങ്ങി. എന്ത് വന്നാലും... ഒറ്റപ്പായയിൽ കുടിച്ച് അർദ്ധ ബോധത്തിലാണ് കവിതാലാപനം നടക്കുന്നത്.

കവിയരങ്ങിന് മുമ്പ് നടന്ന കരളിപ്പയറ്റിന്റെ ബാക്കി, പൊട്ടിച്ചിതറിയ ചട്ടിയാലും കുടുക്ക കൊണ്ടും വരച്ചു വെച്ചിട്ടുണ്ട്. കുടുംബനാഥൻ അന്തി കഴിഞ്ഞ് മോന്തിയ മദ്യത്തിന്റെ വീര്യം വീട്ടുകാരിയിൽ നിത്യവും പരീക്ഷിക്കാ റുണ്ട്. ഇന്ന് കുറച്ച് കൂടിപോയത് കാരണം സഹികെട്ട് പോലീസിനെ വിളിക്കു കയായിരുന്നു...


ഖൊരക്പൂർ ഐ.ഐ.ടി-യിൽ നിന്ന് പഠനം കഴിഞ്ഞ് നാട്ടിൽ തിരിച്ചെത്തിയ മകന്റെ നിത്യവുമുള്ള പണത്തിന്റെ ആവശ്യം അധ്യാപക ദമ്പതികളുടെ മനസിൽ സംശയത്തിന്റെ വിത്തുകൾ മുളച്ച് പൊങ്ങാൻ കുറഞ്ഞ ദിവസങ്ങളേ വേണ്ടിവന്നുള്ളൂ. മെലിഞ്ഞൊട്ടിയ ശരീരവും കുഴിഞ്ഞ കണ്ണുകളുമായി രണ്ട് ആഴ്ച മുമ്പ് വീടിന്റെ പടികടന്ന് വന്നവൻ... ഭക്ഷണം നേരെ ചൊവ്വെ കിട്ടാത്തത് കാരണമായിരിക്കാം ശരീരം ഇങ്ങിനെയെയായത് എന്ന് കരുതിയവർക്ക് ഒക്കെ തെറ്റി പോവുകയായിരുന്നു. സ്വരുക്കൂട്ടി വർണ്ണം ചാലിച്ച കിനാവുകൾ കിനാക്കളായി തന്നെ അവശേഷിച്ചു പോയല്ലോ. 36 വർഷം കുഞ്ഞുങ്ങളെ അക്ഷരം പഠിപ്പിച്ച മാഷിന്റെ മകന്റെ കാര്യത്തിൽ സംഭവിച്ച ദുരന്തം നാട്ടുകാരിൽ സങ്കട പറച്ചിലാവുകയായിരുന്നു.

സിലബസിന്റെ ഭാരം വഹിച്ച്, അക്കങ്ങളുമായി കെട്ടുപിണഞ്ഞ് കിടക്കുന്ന നേരം ക്യാമ്പസിന്റെ വിരസത അകറ്റാൻ കൂട്ടുകാരിൽ നിന്ന് പകർന്ന് വാങ്ങിക്കുന്ന പുകയും, വീര്യം മതിയാവാതെ വന്നപ്പോൾ സിറിഞ്ചിനാൽ കുത്തി ഞരമ്പുകളെ ഉത്തേജിപ്പിച്ചും കോൺസൻട്രേഷന് മാർഗം കണ്ടെത്തിയപ്പോൾ ജീവിതം വരണ്ടുണങ്ങി തുടങ്ങിയത് അവൻ അറിയാതെ പോവുകയായിരുന്നു.

ഈ മുറിയുടെ ചുവരുകൾ സങ്കടം കേട്ട് കേട്ട് മരവിച്ചു പോയിരിക്കുന്നു. മയക്കുമരുന്നിന് അടിമപ്പെട്ടവരുടെ ബന്ധുക്കളുടെ കണ്ണീർ വീണിടം.... മദ്യത്തിൽ ആനന്ദം കണ്ടെത്തുന്ന ഭർത്താവ്. കെട്ടിയ മിന്നിന്റെ സ്ഥാനത്ത് കറുത്ത ചരട് കൊണ്ട് ബന്ധം പറയുന്ന ആണൊരുത്തൻ... കുട്ടിയേളും ഞാനും വഴിയാധാരമായി... മതിയെനിക്ക്. ഇങ്ങിനെയൊരു ഭർത്താവ് എന്തിനാ... എരന്നിട്ടെങ്കിലും മക്കളെ ഞാൻ പോറ്റാം... മോചനം ലഭിക്കാൻ പുലമ്പുന്ന വളുടെ ഒടുക്കത്തെ കണ്ണീർ ....

രാത്രിയായാൽ ചെറുപ്പം ഒത്തുകൂടുന്നിടത്തെ മണം മയക്കത്തിന്റെതാണ്. നഗരത്തിലെ സ്കൂളിലെ കുട്ടികൾ പകൽ സമയത്ത് അവിടെ കമ്പനി കൂടുന്നുണ്ട്. സാമൂഹ്യ പ്രവർത്തകന്റെ അടക്കം പറയൽ. നാടൻ വാറ്റ് കേന്ദ്രങ്ങളെ പറ്റിയുള്ള മുന്നറിയിപ്പ്... നാടുമുഴുക്കെ ലഹരി കെണി ഒരുങ്ങിയിരിക്കുന്നു. സ്കൂൾ, കോളേജ് ബസ്സ്റ്റാന്റുകൾ, റെയിൽവെ കേന്ദ്രങ്ങൾ...

പത്ര ദൃശ്യ മാധ്യമങ്ങളിൽ നിത്യ വാർത്തകൾ. ദ്രാവകരൂപത്തിലും പൊടിയായും, ഗുളികയായും ഒക്കെ വിൽപനക്കായി പോകുന്നവനെ കൈയോടെ പിടിക്കപ്പെട്ടതിന്റെ ദൃശ്യങ്ങൾ. സമൂഹത്തിൽ മാന്യതയുടെ മാസ്കിനാൽ നടന്നവരുടെ പുതിയ കച്ചവട സംരംഭങ്ങൾ. അഴിക്കുള്ളിലായതിന് ശേഷം അവർക്കായി ക്യാപ്സ്യൂളുകൾ നിരത്തി തെറ്റിനെ ന്യായീകരിക്കുന്നവർ...






**ലഹരിവിരുദ്ധ സന്ദേശം പൊതുസമൂഹത്തിൽ എത്തിക്കുന്നതിന്റെ ഭാഗമായി "ജീവിതമാണ് ലഹരി" എന്ന വിഷയത്തിൽ സീഡ് സെഷൻ ഓൺലൈൻ പ്രോഗ്രാം സംഘടിപ്പിച്ചു. 2021 ജൂലായ് 2 വെള്ളിയാഴ്ച വൈകീട്ട് 7 മണിക്കായിരുന്നു പരിപാടി. മുഖ്യാതിഥി സുനിൽകുമാർ കെ. (Asst Sub Inspector (PRO) Vatakara), അജ്മൽ അബ്ദുല്ല (SEED Master), നവാസ് കുറുന്തോടി, അമീർ, മുനീർ എം.പി തുടങ്ങിയവർ സംസാരിച്ചു.**

**മണിയൂർ ലഹരി വിരുദ്ധ ക്യാമ്പയിൻ കോവിഡ് നിയന്ത്രണങ്ങൾക്ക് ശേഷം മവാഖ് പുനരാരംഭിക്കും...**

അരുതായ്മകൾ ചെയ്യുന്നവരുടെ എണ്ണം കൂടുമ്പോൾ നാട് അതൊരു സ്വാഭാവിക സംഭവമാക്കി മാറ്റുന്നു. സമൂഹത്തിൽ നിന്ന് ഇക്കാലത്ത് അതൊരു തെറ്റല്ലായെന്ന സന്ദേശം ലഭിക്കുന്നു. മദ്യപാനത്തിന്റെ കാര്യത്തിൽ അങ്ങിനെ സംഭവിച്ചു കഴിഞ്ഞു. സെലിബ്രിറ്റികളുടെ സുരപാനത്തിന്റെ വീമ്പു പറയൽ ചാനൽ മുഖാമുഖങ്ങളിൽ വിളിച്ചു പറയപ്പെടുന്നു.

ഇതിയാൻ 3 കഴിക്കും. ഞാൻ ഒരു ഒന്നര... ഫെമിനിസം ലഹരി കഴിക്കുന്നതിനും കൂടിയുള്ള പോരാട്ടമാണെന്ന് വളിത്ത പായ്യാരം പറഞ്ഞു പോകുന്നു സ്ത്രീരത്നങ്ങൾ. ഇവരൊക്കെ തന്നെയാണ് ദുഷിച്ച പ്രവണതകളെ സാമാന്യവൽക്കരിക്കുന്നത്.

മയക്കുമരുന്ന് ഉപയോഗിക്കുന്നവരും, വിൽപന തൊഴിലാക്കിയവരുടെയും വണ്ണംകൂടി വരികയാണെന്ന് കണക്കുകൾ പറഞ്ഞു തരുന്നു.

**2008ൽ 508 NDPS കേസുകൾ റജിസ്റ്റർ ചെയ്തിടത്തുനിന്ന് 2019 ആകുമ്പോൾ 7785 ആയി എന്നത് നാം ഓർക്കേണ്ടതുണ്ട്. പിടിക്കപ്പെടാത്തതും അളവ് കുറഞ്ഞതിനാൽ നിയമ നടപടികൾ ഒഴിവാക്കപ്പെട്ടതുമായ സംഭവങ്ങൾ കൂടി കൂട്ടിച്ചേർത്താൽ കണക്കുകൾ ഭീകരമായിരിക്കും. സ്കൂൾ, കോളേജ് വിദ്യാർത്ഥികൾ, ടെക്കികൾ, സിനിമ തുടങ്ങിയ ഇടങ്ങളിൽ ലഹരി ഇല്ലാത്ത രാവും പകലും അന്യമാണെന്ന് വാർത്തകൾ നമുക്ക് പറഞ്ഞുതരുന്നു.**

മാഫിയാ കൂട്ടുകൾ, കൊട്ടേഷൻ സംഘങ്ങൾ, രാഷ്ട്രീയ പാർട്ടികളിലും, ചില മത ചടങ്ങുകളിലും വരെ ഒഴിവാക്കാൻ പറ്റാത്ത ഇനമായി മിനുങ്ങാനുള്ള ഉൽപന്നങ്ങൾ അത്യാവശ്യമായി മാറിയിട്ടുണ്ട്. കഞ്ചാവ്, കറുപ്പ്, സിഗാർ, മദ്യം ഇതൊക്കെ പഴയ തലമുറയുടെ ഇഷ്ടങ്ങളാണെങ്കിൽ ഗുളികകളും പൊടിയും, ദ്രാവക-വാതകരൂപങ്ങൾ നൽകുന്ന മയക്കമാണ് ന്യൂജെൻ ആസ്വാദനങ്ങൾ.

ശീലങ്ങൾ ദുശ്ശീലങ്ങളായി, അവ സന്തോഷങ്ങളായി മനസിനും, ശരീരത്തിനും താൽക്കാലിക ഉന്മാദം പ്രദാനം ചെയ്യുന്ന തരത്തിലേക്ക് ലഹരി പരിവർത്തിപ്പിക്കപ്പെടുമ്പോൾ കുറഞ്ഞ കാലത്തിനുള്ളിൽ ജീവിതത്തിൽ നിന്ന് ഒഴിച്ചുനിർത്താൻ കഴിയാത്തവിധം ലഹരി ആവശ്യമായി വരുന്നു. ഇങ്ങിനെ അഡിക്റ്റായവരിലെ ബ്രെയിനിൽ രൂപമെടുക്കുന്ന ന്യൂറോപാത്ത് മായ്ച്ചുകളയൽ എളുപ്പമല്ല. നിരന്തര ശ്രമങ്ങൾ ആവശ്യമായി വരും.

ലഹരിയുടെ വഴികളിലേക്ക് എത്താതിരിക്കാൻ നിയമത്തിന്റെ വേലി കെട്ടുകൾ മാത്രം മതിയാവില്ല. സമൂഹത്തിന്റെ ശ്രദ്ധയോടെയുള്ള ഇടപെടൽ കൂടി അത്യാവശ്യമാണ്.

ബോധവൽക്കരണവും, ഇൻഡിവിജ്വൽ കൗൺസിലിംഗും ഫോളോഅപ്പും പുനരധിവാസവുമൊക്കെ ലഹരിമുക്ത വ്യക്തി, സാമൂഹ്യഘടനക്ക് അനിവാര്യഘടകങ്ങളാണ്. മഹാ വിപത്തിനിരയായവരെ അകറ്റി നിർത്താതെ ചേർത്ത് പിടിക്കേണ്ടതായ ഉത്തരവാദിത്തം നാം ഒരോരുത്തരിലും നിക്ഷിപ്തമായ ദൗത്യമാണ്. ■

# മവാഖ് NMMS പരീക്ഷ വിജയം നേടിയവർ

## ടി അബ്ദുറഹ്മാൻ മാസ്റ്റർ



മവാഖിൻറെ നേതൃത്വത്തിൽ നടന്നു കൊണ്ടിരിക്കുന്ന കുട്ടികൾക്കുള്ള പരിശീലനത്തിൽ ഒരു പൊൻതൂവൽ കൂടി ചാർത്തിയിരിക്കുകയാണ്. വടകര താലൂക്കിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള സ്കൂളുകളിലെ കുട്ടികൾ നമ്മുടെ ഓൺലൈൻ വീഡിയോ ക്ലാസ്സിൽ പങ്കെടുത്ത് ആറു മാസക്കാലത്തെ പരിശീലനത്തിലൂടെ ഏറ്റവും വിദഗ്ധമായി NMMS പരീക്ഷ എഴുതാനുള്ള കഴിവ് സമ്പാദിച്ചിരിക്കുകയാണ്. നമ്മുടെ പഞ്ചായത്തിൽ നിന്നും വളരെയേറെ കുട്ടികൾ ഈ പരിശീലന ക്ലാസുകളിൽ പങ്കെടുത്തിട്ടുണ്ട്. അതുപോലെ പഞ്ചായത്തിന് പുറത്ത് നിന്നും. മൻസൂർ സാറായിരുന്നു പരിശീലന പാനലിന് നേതൃത്വം നൽകിയിരുന്നത്. മഹാമാരി അല്പം ഒന്നു പുറകോട്ട് മാറിയപ്പോൾ നമ്മൾ നേരിട്ടുള്ള ക്ലാസ്സുകളും കുട്ടികൾക്ക് ഫലപ്രദമായി നടത്തി. മണിയൂർ ഹൈസ്കൂളിന് സമീപത്തുള്ള ഗ്ലോബൽ സ്റ്റഡി സെന്ററിൽ വച്ചായിരുന്നു കോണ്ടാക്ട് ക്ലാസ് നടത്തിയത്. അതിനുള്ള സ്ഥലസൗകര്യം നാസർ കുന്നത്തുകര നമുക്ക് ചെയ്തു തന്നത് നന്ദിപൂർവ്വം സ്മരിക്കുന്നു.

കണക്റ്റിവിറ്റിയുടെ പ്രശ്നം വളരെ കൂടുതലായി അനുഭവപ്പെടുന്ന ചുറ്റുപാടിൽ കുട്ടികൾ അവരുടെ ക്ലാസുകൾ ലഭ്യമായ സൗകര്യങ്ങൾ ഉപയോഗിച്ച് ഒറ്റ ക്ലാസ് പോലും നഷ്ടപ്പെടാതെ കഠിനമായി പരിശ്രമിച്ചു. മൻസൂർ സാറിനോടൊപ്പം നമ്മുടെ നാട്ടുകാരനായ ഷംസുദ്ദീൻ മാഷും ശരത് മാഷും ആയിരുന്നു മറ്റു അധ്യാപകർ.

നല്ല ഒരു മോഡൽ എക്സാമിനേഷൻ കൂടി കുട്ടികൾക്ക് നൽകിയതിനു ശേഷം അവരെ പരീക്ഷക്കു വിടുകയും നമ്മുടെ 15 കുട്ടികൾക്ക് സ്കോളർഷിപ്പ് ലഭിക്കുകയും ചെയ്തു. ഈ സ്കോളർഷിപ്പിനുള്ള ഒരു പ്രത്യേകത ഒമ്പതാം ക്ലാസ് മുതൽ അതായത് ഈ വിദ്യാഭ്യാസ വർഷം മുതൽ എല്ലാമാസവും അവരുടെ പ്ലസ് ടു കഴിയുന്നതുവരെ ആയിരം രൂപ വീതം അവർക്ക് സ്കോളർഷിപ്പ് ആയി ലഭിക്കും എന്നതാണ്. അതിനേക്കാളുപരി ഇത്തരം കഠിനാധ്വാന പരിശീലനം കുട്ടികളിൽ ഭാവിപഠനങ്ങളിൽ പ്രതിഫലിക്കുകയും ഉന്നതങ്ങളിലേക്ക് ഇവരെ എത്തിക്കാനും കഴിയും എന്നുള്ളതാണ്. ഈ കുട്ടികൾ നമ്മുടെ അഭിമാനമാണ് നമ്മുടെ ആദ്യത്തെ NMMS ബാച്ചിലെ വിജയികളെയും, പങ്കെടുത്ത മുഴുവൻ കുട്ടികളേയും അവരെ നമുക്ക് അയച്ചുതന്ന രക്ഷിതാക്കളെയും ഈ അവസരത്തിൽ ഞാൻ ഓർമിക്കുകയാണ് അവർക്കുള്ള മവാഖ് ടീമിന്റെ കൃതജ്ഞത രേഖപ്പെടുത്തുകയാണ്. നമുക്ക് വരുംവർഷങ്ങളിൽ ഉന്നത നിലവാരമുള്ള പരീക്ഷാ പരിശീലനങ്ങൾ നൽകാൻ കഴിയുമെന്നുള്ള ആത്മവിശ്വാസം തരുന്നതായിരുന്നു ഈ പരീക്ഷാ വിജയം. നാം എല്ലാ വർഷവും നടത്തുന്ന എൽ.എസ്.എസ്, യു.എസ്.എസ് പരിശീലനം കഴിഞ്ഞ വിദ്യാഭ്യാസ വർഷത്തിൽ നടത്തിയത് NMMS പരിശീലനം നടത്തിയത് പോലെ തന്നെ ഓൺലൈനിലാണ്. ഈ അടുത്തുവരെ തുടർന്നു. പരീക്ഷ തീയതി തീരുമാനം ആകാത്തതിനാൽ തൽക്കാലം ക്ലാസ് നിർത്തി വെച്ചിരിക്കുകയാണ്. ഇനി പരീക്ഷ തിയ്യതി പ്രഖ്യാപിച്ചു കഴിഞ്ഞാൽ അവരെ വീണ്ടും ക്ലാസുകളിലേക്ക് കൊണ്ടുവരികയും ഏറ്റവും മികച്ച പരിശീലനം നൽകാനും നമ്മുടെ ടീം സജ്ജമാണ്.




നമുക്ക് ഇതുപോലുള്ള ധാരാളം പരീക്ഷകൾക്കുള്ള പരിശീലനങ്ങളും കുട്ടികളെ പ്രാപ്തരാക്കാനുള്ള പലതരത്തിലുള്ള കോച്ചിംഗുകളും കൊടുക്കേണ്ടതുണ്ട്. അതിന്റെ ഭാഗമായി ഈവർഷം നമ്മൾ 6, 7 ക്ലാസിലെ കുട്ടികൾക്കും 8, 9 ക്ലാസിലെ കുട്ടികൾക്കും ബ്രിഡ്ജ് കോഴ്സ് എന്ന പേരിൽ കഴിഞ്ഞ അക്കാദമിക വർഷം അവർക്ക് ക്ലാസിൽ പോകാത്തത് മൂലം ലഭിക്കാതായിട്ടുള്ള അടിസ്ഥാനപരമായ കാര്യങ്ങൾ കണക്ക്, ഇംഗ്ലീഷ് എന്നീ വിഷയങ്ങളിൽ നൽകുക എന്ന ഉദ്ദേശ്യത്തോടുകൂടി നമ്മൾ ജൂലൈ ആദ്യം മുതൽ ക്ലാസുകൾ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്. പ്രതിസന്ധികളിൽ പ്രതിബന്ധമായി നിൽക്കുകയല്ലാതെ അതിനെ അതിജയിക്കാൻ മവാഖ് കാണിച്ച ആർജവത്തിന്റേയും പ്രോത്സാഹനത്തിന്റെയും മികച്ച ഉദാഹരണമാണ് ഈ വിസ്മയ നേട്ടം. ■

---



# മാറ്റത്തിരുത്തുകൾ

## സമീറ നൗഷാദ്



സോഷ്യൽ മീഡിയയിലൂടെയും മറ്റും ഇന്നു ഘോരഘോരം വിസ്മയയുടെ പേര് പലവുരു നമ്മുടെയിടയിലൂടെ വാവിട്ട നിലവിളിയോടെ നമ്മളിങ്ങനെ പങ്കുവെച്ചിടുകയാണല്ലോ.

എത്രയോ രോദനങ്ങൾ ഇനിയും പുറത്തെടുക്കാനാവാതെ വിഴുങ്ങിക്കളയേണ്ടിവരുന്നവ അകത്തളങ്ങളിൽ എരിഞ്ഞമരുന്നു. മക്കളെ ഓർത്തു, സമൂഹത്തിനെ ഓർത്തു, മാതാപിതാക്കളെ ഓർത്തു, സഹോദരങ്ങളെ ഓർത്തു. പെണ്ണായി പോയത് കൊണ്ടു മാത്രം !

ഓരോആൺകുട്ടികളും വീടകങ്ങളിൽ കുഞ്ഞിലേ കേൾക്കുന്നതും പെൺകുട്ടികളെ തരംതാഴ്ത്തിയുള്ള സംസാരമാണ്. നീ പെൺകുട്ടിയാണെന്നുള്ള ഓർമ വേണം, മറ്റൊരു വീട്ടിൽ ചെന്നുകയറാനുള്ളതാണ് എന്നിങ്ങനെ പലതും. ചിന്തക്ക് വക കൊടുക്കാതെ ഒരു കൊമ്പ് കൂടുതൽ തങ്ങൾക്കു ലഭിച്ചിട്ടുണ്ടെന്ന രീതിയിൽ അതിനുള്ള ലൈസൻസ് ആയി വിവാഹത്തിനെ കാണുന്ന ചെറുപ്പക്കാരും നമുക്കിടയിൽ കുറവല്ല.

തന്റെ അഭിപ്രായങ്ങൾ അടിച്ചേൽപ്പിക്കുക എന്നത് ഒരുതരം ഫാസിസം എന്നുതന്നെ വേണമെങ്കിൽ പറയാം. പല പെൺകുട്ടികളിലും വിവാഹത്തോടെ അവരുടെ പഠിപ്പ് മുടങ്ങിയതിന് കാരണം; ഓന്റെ ഉപ്പാക് ഇഷ്ടല്ല, അല്ലെങ്കിൽ അവനിഷ്ടമില്ല ഇതൊക്കെയാണ്. വിവാഹം അവളെ എല്ലാ ഇഷ്ടങ്ങളിൽ നിന്നും സ്വാതന്ത്ര്യത്തിൽ നിന്നും കൂച്ചുവിലങ്ങിടുകയാണെന്നുള്ള ബോധ്യം ഉളിൽ പതിഞ്ഞുപോയിട്ടുണ്ടാകണം. സൂറ തഗാബുനിൽ അല്ലാഹു പറയുന്നു: "നിങ്ങളുടെ ഭാര്യമാർക്കിടയിലും മക്കൾക്കിടയിലും നിങ്ങൾക് ശത്രുക്കൾ ഉണ്ടെന്ന്."

തുടക്കത്തിലേ അവൾക്കുള്ള വിലയിടലും അവൾക്കുള്ള കൂച്ചുവിലങ്ങുകളും ആണ് വിവാഹം എന്നുള്ള സങ്കല്പം വച്ചു പുലർത്തുമ്പോൾ അത് എത്ര ശരിയായി വരുന്നുണ്ട് പല ഘട്ടങ്ങളിലും.

പെൺകുട്ടി ഇതിനെയൊക്കെ അംഗീകരിച്ചു തന്റെ സ്വപ്നങ്ങളെ സ്വയം കത്തിച്ചുകളയുന്നെങ്കിൽ അത് സമൂഹത്തെ ഓർത്താണ്, അല്ലെങ്കിൽ തന്റേടി അഹങ്കാരി എന്നൊക്കെയുള്ള പേരിനെ ഓർത്താണ്.

ഇതുവരെ ഒരു പരിചയവും ഇല്ലാത്ത ഒരു വീട്ടിലേക്ക് മാറ്റി നടുന്ന പെൺകുട്ടികൾ തന്നെയാണ് ആദരിക്കപ്പെടേണ്ടവൾ. കണ്ടതിലേറെയും പെണ്മക്കളാണ് ജീവൻ പാതിവഴിക്ക് ഉപേക്ഷിച്ചു പോവുന്നത്. സഹിക്കാൻ പറ്റാതാകുമ്പോൾ തന്റെ ജീവൻ വെടിയൽ ഒന്നിനുമുള്ള പരിഹാരമാവുന്നില്ലെന്നുള്ള സത്യം അവർ മനസിലാക്കട്ടെ !

ഒരാണും പെണ്ണും യോജിച്ചു പോവുന്നില്ലെങ്കിൽ അനിവാര്യ ഘട്ടത്തിൽ വിവാഹ മോചനം അനുവദിച്ചതാണ്. കാരണം ഗ്യാസ് സിലിണ്ടർ പൊട്ടിത്തെറിക്കാതിരിക്കാനും ഒരു മുഴം കയറിൽ മകൾ കിടന്നാടാതിരിക്കാനും വേണ്ടിയാണ്.

സ്വന്തം വീട്ടിൽ ഓമനിച്ചും ലാളിച്ചും വളർത്തിയ മകളെ ചോദിച്ച അത്രയും കൊടുത്ത് കെട്ടിച്ചു കൊടുക്കുമ്പോൾ ഇതേ പോലെ ആ വീട്ടിൽ വന്നു കയറിയവൾ എങ്ങനെ രണ്ടാം തരക്കാരിയാവുന്നു?

ചിലപ്പോൾ ഇങ്ങോട്ട് വാങ്ങിച്ച സ്ത്രീധന തുക കൊണ്ടാവാം പെങ്ങളുടെ കൊടുക്കാനുള്ള ബാക്കി സ്ത്രീധന തുക കൊടുത്തിട്ടുണ്ടാവുക. എന്നാലും നന്ദികാണിക്കുന്നതിനു പകരം ഇതൊക്കെ ഇങ്ങനാണ് നാട്ടുനടപ്പാണ് എന്നുള്ള ഊറ്റം കൊള്ളലിന് ഒരു കുറവും ഉണ്ടാവില്ല. എങ്ങനെയോ മനഃസാക്ഷി മരിച്ചുപോയ സമൂഹം. സ്വന്തം മകൾ വൈകി എഴുന്നേൽക്കുന്ന പോലെ മരുമകൾ എഴുന്നേറ്റാൽ അവിടെ തീരും അന്നത്തെ ദിനം.

അടുക്കളയിൽ എത്ര മിടുക്കു കാണിക്കുന്നുവോ അതായിരുന്നു ഒരു കാലം ഒരു പെണ്ണിന്റെ മേന്മ. അവൾ അടുക്കളക്ക് പറ്റിയതാ... ഇവിടെയായിരുന്നവൾക്കുള്ള സർട്ടിഫിക്കറ്റ്. എന്നാൽ മരുമകനാവട്ടെ എന്നും പെണ്ണിന്റെ വീട്ടിൽ ഒന്നാം സ്ഥാനക്കാരനും. ഈ വേർതിരിവ് നമ്മളടങ്ങുന്ന സമൂഹം അല്ലെങ്കിൽ പിന്നാരാണുണ്ടാക്കിയത് ?

ഇസ്ലാമിലുണ്ടോ? തന്റെ ഇണ തന്നോടൊപ്പം നടക്കേണ്ടവൾ ആണെന്നാണ് ഇസ്ലാമിന്റെ കാഴ്ചപ്പാട്. അസ്‌വാജ് ഇണകൾ ആണവർ. ഭരിക്കുന്നവൻ ഭരിക്കപ്പെടേണ്ടവൾ എന്നൊക്കെ പിന്നീടാരോ എഴുതിച്ചേർത്തു. പിന്നിൽ നടക്കേണ്ടവൾ ഒരിക്കലുമല്ല. അത്രക്കും മനോഹരമായിട്ടാണ് നിക്കാഹ് എന്ന കരാർ ആണും പെണ്ണിന്റെ പിതാവും തമ്മിൽ നടക്കുന്നത്. നിക്കാഹ് ഖുത്ബ അറബിയിൽ നടത്തി എന്താണ് അല്ലാഹു പറഞ്ഞത് ബലിഷ്ഠമായ കരാർ എന്നത് ഒന്ന് മലയാളത്തിൽ നിർവചിച്ചെങ്കിലും കൊടുക്കാമായിരുന്നു. നിർഭാഗ്യമെന്ന് പറയട്ടെ തത്തമ്മേ പൂച്ച പൂച്ച പോലെ കരാർ നടന്നു അത്രതന്നെ. താൻ സ്വീകരിക്കാൻ പോന്ന പെണ്ണിനെ ആ പെണ്ണിന്റെ മാതാപിതാക്കൾ എങ്ങിനെയാണോ വളർത്തിവലുതാക്കിയത് അതിനേക്കാൾ പതിന്മടങ്ങ് കൂടുതൽ ഞാൻ സംരക്ഷിച്ചോളാം എന്ന കരാർ ആണ് അവിടെ നടന്നത്. അവളെ അവഹേളിക്കുകയില്ല, അപമാനിക്കില്ല, പരിഹസിക്കില്ല, കുത്തിനോവിക്കാൻ ഒരാൾക്കും വിട്ടുകൊടുക്കില്ല, ആണും ആണും തമ്മിലുള്ള കരാർ ആണത്.

നിഭാഗ്യവശാൽ അത് അനുഭവിക്കാനുള്ള യോഗം മിക്ക പെൺകുട്ടികൾക്കും സ്വപ്നങ്ങളിൽ മാത്രം. നമുക്ക് കാണാം ഖുർആനിൽ മൂസാനബിയുടെ വിവാഹം. മൂസാനബിയുടെ കുല മഹിമയോ തറവാടോ സ്വത്തോ കണ്ടിട്ടായിരുന്നില്ല, തന്റെ മകളെ ഏല്പിച്ചുകൊടുക്കാനുള്ള യോഗ്യത മാത്രമേ മൂസാ നബിയിൽ ആ പിതാവ് നോക്കിയിട്ടുണ്ടായിരുന്നുള്ളൂ.

ഒരു കൂട്ടം യാത്രക്കാരുടെ കൂട്ടത്തിൽ നിന്നും തന്റെ പെണ്മക്കളെ അവരുടെ ആടുകൾക് വെള്ളം കുടിപ്പിക്കാനുള്ള സൗകര്യം ചെയ്തുകൊടുത്ത മൂസായെന്ന ചെറുപ്പക്കാരന്റെ നല്ല മനസ്സ്. വിവാഹ സമ്മാനം കൊടുക്കാൻ തന്റെ കയ്യിൽ ഒന്നുമില്ലെന്ന് പറഞ്ഞെ മൂസാ നബിയോട് അമ്മോശൻ പറഞ്ഞു 10 കൊല്ലം തന്റെ ആടിനെ മേയ്കുന്ന ജോലി ഏറ്റെടുത്താൽ മതിയെന്ന്, അങ്ങനെ വിവാഹമൂല്യം ഉറപ്പിച്ചു വിവാഹം നടന്നു. പിതാവിന് ഒരു ചില്ലിക്കാശിന്റെ ചെലവില്ല. ഇസ്ലാമിൽ ഉണ്ടെങ്കിൽ നമ്മളടങ്ങുന്ന സമൂഹമാണതിന്റെ ഉത്തരവാദി.

വിസ്മയ പറഞ്ഞത്രേ: "ഞാനിങ്ങോട് വന്നാൽ നാട്ടുകാർ അതുമിതും പറയില്ലേ" എന്ന്, ആരാണീ പാറയുന്ന നാട്ടുകാർ? നമ്മൾ തന്നെയല്ലേ ?

ഇനിയെങ്കിലും നമ്മുടെ പെണ്മക്കളുടെ ജീവൻ ഇങ്ങനെ പാതിവഴിക്ക് ഉപേക്ഷിക്കുന്ന ദുരവസ്ഥ ഒരു മാതാപിതാക്കൾക്കും ഉണ്ടാവാതിരിക്കട്ടെ. സ്വന്തം വീട്ടിൽ അവൾക്കെന്നും ഒരു വാതിൽ തുറന്നിടുക. പെൺമക്കളുടെ ജീവന് മാതാപിതാക്കൾ വേണം കാവലേകാൻ. അതിനുള്ളതാവാം ഓരോ മാതാവിന്റെയും പിതാവിന്റെയും മടിത്തട്ട്. ചെറുപ്പം മുതലേ സ്വന്തം വീട്ടിൽ വെച്ചിട്ടുതന്നെയുള്ളതാണ് ആൺ പെൺ വേർതിരിവ്. തമാശക്ക് പോലും പറയാതിരിക്കുക. മക്കൾക്കുണ്ടാവുന്ന ദുരനുഭവങ്ങൾ വീട്ടിൽ പങ്കുവെക്കാനുള്ള സാഹചര്യമൊരുക്കി കൊടുക്കുക. അവൾ പാവമാണ്, നല്ലതിനോ വെടക്കിനോ ഇല്ല എന്നുള്ള ശീലാവതി ചമയിക്കാതിരിക്കുക. ഏതെങ്കിലും ഒന്നിനെങ്കിലും കൊള്ളട്ടെ. ഇനി മുതൽ അതാണ് നിന്റെ വീട് എന്ന പറഞ്ഞു പടിയടക്കാതിരിക്കുക. ഏത് പ്രതിസന്ധിയിലും ജീവൻ വെടിയാതെ ആർജവത്തോടെ "നോ" അല്ലെങ്കിൽ "യെസ്" അവർ പറഞ്ഞു പഠിക്കട്ടെ. പെൺമക്കളെ ഉപദേശിച്ചുവിടുന്നത് പോലെ ആൺമക്കളെയും സ്ത്രീകളെ ആദരിക്കാനും ബഹുമാനിക്കാനും പഠിപ്പിക്കുക. വീടകങ്ങളിൽ തന്നെ അവർക്കിടയിൽ സ്നേഹവും വിട്ടുവീഴ്ച്ചയും ആൺ പെൺ വ്യത്യാസമില്ലാതെ ശീലിക്കട്ടെ... രണ്ടു വ്യത്യസ്ത മനസ്സുകൾ നെയ്തുകൂട്ടിയ സ്വപ്നങ്ങൾ ഒന്നായിതീർന്ന് ജീവിതത്തെ വർണശബളമാക്കി അവരിലെ പ്രണയം സർവ്വതും ഒരാൾക്കു വേണ്ടി മറ്റൊരാൾ സ്വമനസ്സാലെ മാറ്റിവെച്ചു കൊണ്ട് ആക്രോശങ്ങളില്ലാതെ ശബ്ദമുഴക്കങ്ങളില്ലാതെ... അതാവട്ടെ വിവാഹ ജീവിതം. ഓരോ കുടുംബത്തിലും മകന്റെ പെണ്ണ് വന്നു കയറിയവളെന്ന് ഉള്ളകങ്ങളിൽ എവിടെയും ഇല്ലാതിരിക്കട്ടെ. തന്റെ പെൺമക്കളെ ജീവനുതുല്യം സ്നേഹിക്കുന്ന പിതാവ് ദൈവ കല്പന പാലിക്കുന്നതിന്റെ ഭാഗമായി തന്റെ മകളെ അന്നുവരെ ഒരു പരിചയവുമില്ലാത്ത ഒരാളെ ഏല്പിക്കുമ്പോൾ ആ പിതാവിന്റെ, മാതാവിന്റെ മനസ്സ് കാണാൻ കഴിയുന്നവരാകാൻ പുതിയ തലമുറയെങ്കിലും വളർന്നേ മതിയാവുകയുള്ളൂ. ഈ രീതിയിലല്ലാതെ സിംഹാസനത്തിലിരിക്കുന്ന രാജാവും പ്രജയുമായിട്ടുള്ള രീതിയിലുള്ള ആജ്ഞാപനങ്ങളാണ് വീട്ടിലെങ്കിൽ ഇന്നത്തെ ഭർത്താക്കന്മാരാണ് നാളത്തെ പിതാക്കൾ എന്നും ഓർമിക്കുക. സൂറ സ്വഫ്ഫിൽ അള്ളാഹു ചോദിക്കുന്നുണ്ട്: "നിങ്ങൾ പ്രവർത്തിക്കാത്തത് എന്തിനാണ് നിങ്ങൾ പറയുന്നത് എന്ന്"... ■



# മവാഖിന്റെ തൂവൽ സ്പർശം

**നജ്മുന്നിസ റഫീഖ്**



"പണിക്കു പോകാൻ പറ്റിയിരുന്നെങ്കിൽ" നിസ്സഹായതയുടെ ചുട്ടുപൊള്ളുന്ന ചിന്തകളിൽ നിന്നുതിർന്നുവീണ അബൂക്കയുടെ ആത്മഗതം ഇത്തിരി ഉച്ചത്തിലായിപ്പോയി... ഇങ്ങളെന്തു വർത്താനാ ഈ പറയുന്നേ... വയ്യാത്ത ഇങ്ങള് എന്തു പണിക്ക് പോകാനാണ്? എങ്ങനെ പോകാനാണ്?

"ഒക്കെ ശരിയാണ് ശങ്കരാ... എങ്കിലും ശ്വാസം നിലക്കുന്ന വരെ ഉള്ളില് തീയാണ്."

"ഡയാലിസിനു തന്നെ എത്ര വേണംന്നാ... പിന്നെ ന്റെ മോള് റസിയാന്റെ കാര്യം ആലോചിക്കുമ്പോൾ ഒരു സമാധാനവും ഇല്ലാ. ഓളെ ഭർത്താവ് മരിച്ചതിൽ പിന്നെ എത്ര ശ്രമിച്ചതാണ് വേറെ കല്യാണം കഴിപ്പിക്കാൻ ആ... ഓള് പറയുന്നതിലും കാര്യമുണ്ട്... മോന്റെ ഭാവി."

"ആകെ ഒന്നല്ലേ ഉള്ളൂ... ഉപ്പയും ഉമ്മയും ഇല്ലാത്ത പോലെ ആവില്ലേ? മോനാണേ നല്ലോണം പഠിക്കുന്നുമുണ്ട്. ഓനൊരു നിലയിൽ എത്തിയാൽ ഒക്കെ ശരിയാവും ഇൻശാഅല്ലാഹ്." "എല്ലാം ദൈവം കാണുന്നുണ്ട് ഒക്കെ ശരിയാവും ഇങ്ങള് സമാധാനിക്ക്. എന്നാ ഞാനങ്ങട്ട് ഇറങ്ങട്ടെ. പിന്നെ വരാം."

"ശങ്കരാ, നീ കൂടി വന്നില്ലേ ഞങ്ങൾ ഈ നാട്ടിൽ ഒറ്റപ്പെട്ടു പോയേനെ."

മുറ്റത്തേക്കിറങ്ങിയതും ശങ്കരൻ തിരിഞ്ഞു നോക്കിക്കൊണ്ട് പറഞ്ഞു "ഇടവഴിയിലൂടെ ആരോ വരുന്നുണ്ടല്ലോ ഇങ്ങോട്ട് തന്നെ... ഇനി ആരും വരുന്നില്ലെന്ന പരാതി വേണ്ട" രണ്ടാളും ചെറുതായി ഒന്ന് ചിരിക്കാൻ ശ്രമിച്ചു...അപ്പഴേക്കും ആള് മുറ്റത്ത് എത്തിയിരുന്നു. "ഇത് അബൂബക്കർ ഇക്കയുടെ വീടല്ലേ??"



"അതെ മോനെ മനസ്സിലായില്ലല്ലോ... ശങ്കരേട്ടൻ പോവാണോ. അബുക്ക ഈ നാട്ടിൽ പുതിയ ആളായത് കൊണ്ടാണ് "ശങ്കരേട്ടനും എന്നെ മനസ്സിലായില്ലേ?... ഞാൻ തെക്കേലെ കാസിമിന്റെ മോൻ അൻവർ... കുറച്ചു കാലായി നാട്ടിൽ ഒക്കെ വന്നിട്ട്. കൊറോണ കാരണം ഞങ്ങൾ പ്രവാസികൾ എല്ലാമവിടത്തന്നെ പെട്ട് പോയില്ലേ!"

ഈശ്വരാ... അൻവർ നീ ആകെ മാറിപ്പോയി... പിന്നെ മുഖം നോക്കി മനസ്സിലാക്കാൻ ഇനി നമുക്ക് ഭാഗ്യം ഉണ്ടാവോ ആവോ..

"ഉപ്പക്കും ഉമ്മക്കും ഒക്കെ സുഖം അല്ലെ മോനെ... ഇപ്പൊ ആരും എങ്ങും പോകുന്നില്ലല്ലോ. വല്ലാത്ത ഒരു മാരണം അല്ലെ വന്നു പെട്ടത്."

"അല്ല... മോൻ എന്താ ഇവിടെ അബൂക്കാനെ എങ്ങനെ അറിയാം.... ഇവർ ഈ അടുത്ത് അല്ലെ ഇവിടെ താമസം തുടങ്ങിയെ?"

"ഞാൻ ഖത്തറിൽ ആണ് ശങ്കരേട്ടാ... ഇവിടെ നാട്ടിലും ഗൾഫിലും പാവങ്ങൾക്കു അത്താണിയായ ഒരു സംഘടന ഉണ്ട്... മവാഖ്. കുറേ സുമനസ്സുകളുടെ അലിവിൽ പിറന്നത്. ഞാനും അതിന്റ ഒരു എളിയ പ്രവർത്തകനാണ്... ഞങ്ങൾക്ക് കിട്ടിയ വിവരം അനുസരിച്ചു ഇവിടെ രോഗബാധിതനും ഒരു വിധവയും ഉണ്ടെന്നു അറിഞ്ഞു. അങ്ങിനെ വന്നതാണ്." "മോനെ പടച്ചോൻ കൊണ്ടു വന്നതാണ് അത്രക്ക് ദയനീയ അവസ്ഥയാണ് അബൂക്കയുടെത്. എങ്കിലും ഈ നാട്ടുകാരനായിട്ട് ഞാൻ ഇതുവരെ ഇങ്ങനെ ഒരു പേര് കേട്ടില്ലല്ലോ മോനേ... ദൈവം സഹായിച്ചു ചെറിയ ചെറിയ തൊഴിൽ ചെയ്തു അല്ലലില്ലാതെ പോകുന്നു. അതാവും അറിയാതെ പോയത്. "ശങ്കരേട്ടന്റെ മോൻ ഇപ്പോ ന്താ പഠിക്കുന്നേ?" "ആ... എന്തു പഠിക്കാനാ മോനെ

അതൊന്നും എന്നെക്കൊണ്ട് കൂട്ട്യാ കൂടില്ല. അതോണ്ട് ഓനിപ്പോ അല്ലറ ചില്ലറ പണിക്കു പോകാണ്. എന്നാ ഇങ്ങളും ഇരിക്ക് മോന്റെ പഠനം ഒക്കെ നമുക്ക് ശരിയാക്കാം. പറ്റിയാൽ അവനൊരു ജോലിയും ശരിയാക്കാം അങ്ങ് ഖത്തറിൽ. നമുക്ക് ഇരുന്നു സംസാരിക്കാം.

"മോനെ അകത്തു കയറി ഇരിക്കി." "വേണ്ട അബുക്ക അതൊക്കെ നമുക്ക് കൊറോണ കാലം കഴിഞ്ഞു ഇരിക്കാം." "മോളെ റസിയാ... രണ്ട് കസേര ഇങ്ങു മുറ്റത്തേക്ക് ഇട്ട്... രണ്ട് കട്ടനും എടുത്തോളൂ..."

"വേണ്ട ഇക്ക കട്ടനൊക്കെ പിന്നീട് ആവാം... ഇപ്പൊ ഇരിക്കാൻ കസേര മതി. ഇനിയും ഒത്തിരി ഇടങ്ങളിൽ കയറാനുണ്ട്. അപ്പൊ ഞാൻ പറഞ്ഞു വന്നത് നമ്മുടെ നാടിന്റെ വളർച്ചക്കും അഗതികൾക്ക് കൈത്താങ്ങായും എന്നും ഒരു നിഴൽ പോലെ മവാഖ് കൂടെ ഉണ്ടാവും. മവാഖിന്റെ തൂവൽ സ്പർശമേറ്റ വലിയൊരു വിഭാഗം ഇന്നു നമ്മുടെ നാട്ടിൽ ഉണ്ട്. പ്രവാസം നിർത്തി വന്നവർക്കു സ്വയം തൊഴിൽ കണ്ടെത്താനുള്ള സമ്പത്തിക സഹായം, വിവാഹ പ്രായം എത്തിയവർക്കും പുതിയ പഠന മേഖലകൾക്കും ആവശ്യമായ ക്ലാസുകൾ സംഘടിപ്പിക്കുക, വിധവകൾക്ക് പെൻഷൻ, രോഗം കൊണ്ടു ബുദ്ധിമുട്ട് അനുഭവിക്കുന്നവർക്ക് ആവശ്യമായ ചികിത്സാ സഹായങ്ങൾ, പഠിക്കാൻ മിടുക്കരായ വിദ്യാർത്ഥികൾക്ക് ആവശ്യമായ സാഹചര്യങ്ങൾ ഒരുക്കുക. അങ്ങിനെ എന്തെല്ലാം ബുദ്ധിമുട്ടുകൾ ഉണ്ടോ, എല്ലായിടത്തും മവാഖിന്റെ ഒരു കയ്യൊപ്പ് ഉണ്ടാവും. അതും ജാതി മത ഭേദമന്യേ. ഇതിൽ എടുത്തു പറയേണ്ട ഒന്നാണ് മദ്രസ അധ്യാപകർക്കുള്ള സേവനങ്ങൾ. ഈ കൊറോണ സാഹചര്യത്തിൽ ആരാധനാലയങ്ങൾ അടച്ചു പൂട്ടിയപ്പോൾ സർക്കാരിൽ നിന്ന് പോലും ഒരു വിധ സഹായവും ലഭിക്കാത്ത പാവങ്ങൾ... അവരുടെ ജീവിതത്തിൽ ഒരു പൊൻതൂവൽ സ്പർശമേകാൻ മവാഖിനു സാധിച്ചു. അൽഹംദുലില്ലാഹ്..." അബുക്ക ഇരു കൈകളും മേലോട്ട് ഉയർത്തി... "നീ എന്റെ പ്രാർത്ഥന കേട്ടു."

ശങ്കരേട്ടന്റെ കണ്ണ് നനഞ്ഞു... "ഇതു ആനന്ദക്കണ്ണീർ ആണ് ട്ടൊ... കേട്ടിട്ട് ശരീരം ആകെ രോമാഞ്ചം തന്നെ വന്നു. ഇതിന്റെ എല്ലാ അണിയറ പ്രവർത്തകരെയും ഈശ്വരൻ രക്ഷിക്കട്ടെ."

ശങ്കരേട്ടനും മനമുരുകി പ്രാർത്ഥിച്ചു. രണ്ട് കുടുംബങ്ങളിൽ സന്തോഷത്തിന്റെയും സമാധാനത്തിന്റെയും വിത്തുകൾ പാകിയ മവാഖിന്റെ പ്രതിനിധിയെ അബുക്കയും ശങ്കരേട്ടനും ഇമ ചിമ്മാതെ നോക്കി നിന്നു. ■



# തിരശ്ശീലയ്ക്കപ്പുറം

മുനീർ. എം പി



"കഴിഞ്ഞു മോനെ ഷാനവാസേ..." അവസാനത്തെ പാർസൽ ബിരിയാണിയും പാക്ക് ചെയ്ത് ഹാരിസ് ഒരു ദീർഘ നിശ്വാസം എടുത്തു. കൊറോണ ദുരിതക്കാർക്കുള്ള സംഘടനയുടെ ഭക്ഷണ വിതരണം ആണ്. തലേന്ന് രാത്രി 2 മണിക്കുള്ള ഓട്ടപ്പാച്ചിൽ ആയിരുന്നു. ഉച്ച പന്ത്രണ്ട് മണി ആയി. ഫോൺ എടുത്തൊന്നു നോക്കിയപ്പോൾ ഒരു ലോഡ് വാട്സ്ആപ്പ് മെസ്സേജും കോളുകളും. റംലയുടെ മെസ്സേജ് ആണ് മുകളിൽ തന്നെ. "എന്തായി പൈസയുടെ കാര്യം?" കഴിഞ്ഞ ഒരാഴ്ചയായി ഉള്ള സ്ഥിരം മെസ്സേജ് ആണ്. ബാക്കി മെസേജുകളിലേക്ക് ഓടിച്ചു പോകുമ്പോൾ ഉള്ളിൽ റംല ചോദിച്ച പതിനായിരം എവിടുന്നു ഉണ്ടാക്കും എന്ന ചിന്ത ആയിരുന്നു ഹാരിസിന്റെ മനസ്സിൽ.

ദുരിതങ്ങൾ പെയ്ത നീണ്ട കൊറോണക്കാലം ഒരുപാട് കണ്ണീരുകൾ കണ്ടു മനസ്സ് മരവിച്ചു. ജോലി പോയവർ, മുറി വാടക ഇല്ലാതെ പുറത്താക്കപ്പെടാൻ പോകുന്നവർ, ദിവസം ഭക്ഷണത്തിനു ബുദ്ധിമുട്ടുന്നവർ... എല്ലാം കണ്ടു കൊണ്ട് പോകുമ്പോളും സ്വന്തം അവസ്ഥ ഓർത്തിരുന്നില്ല. ഫീസ് അടക്കാത്ത സ്വന്തം കുട്ടികൾ ഓൺലൈൻ ക്ലാസ്സിൽ നിന്ന് പുറത്തായ വിവരം റംല അറിയിച്ചപ്പോൾ നിർവികാരനായി കേട്ട് നിന്നത് മാത്രമേ ഓർമ ഉണ്ടായിരുന്നുള്ളൂ. മികച്ച ഒരു സി.ബി.എസ്.ഇ സ്കൂളിൽ കുട്ടികളെ ചേർക്കുമ്പോൾ റംല ചോദിച്ചിരുന്നു. നമ്മളെ കൊണ്ട് കൂട്ടിയാൽ കൂടുമോന്ന്. അന്നേരം മക്കളെ പുതിയ യൂണിഫോം പിന്നെ നെയിം ടാഗ് ഒക്കെ ആയിരുന്നു ആവേശം.

പക്ഷെ കുട്ടികൾക്കു നേരാംവണ്ണം യൂണിഫോം അല്ലാത്ത ഒരു ഡ്രസ്സ് വാങ്ങികൊടുക്കാൻ പോലും പറ്റാതെയാണ് കഴിഞ്ഞ രണ്ട് വർഷം പോയത് എന്ന് ഹാരിസ് ആലോചിക്കാൻ തുടങ്ങിയിട്ട് കുറച്ചു മാസങ്ങളായി. ഇടത്തര കുടുംബം, അതിൽ തന്നെ സഹോദരങ്ങൾ ഒക്കെ നല്ല നിലയിൽ, അപ്പോൾ സ്റ്റാറ്റസ് നോക്കി കാര്യങ്ങൾ ചെയ്തേ മതിയാവൂ എന്ന് ആശ്വസിച്ചു. സ്വന്തം കാര്യം എന്താണെന്നു നല്ല ബോധ്യം ഉണ്ട്. ആത്മവിശ്വാസം നല്ലോണം ഉണ്ടു താനും. അത് കൊണ്ട് തന്നെ ഇട്ട കുപ്പായത്തിലുള്ള കുതിരപ്പുറത്തെ മനുഷ്യൻ ആണ് താനും എന്ന് പുറത്തുള്ളവർ ധരിച്ചു കൊള്ളും എന്നറിയാം. ആരോടും ഒന്നും വിട്ടു പറഞ്ഞിരുന്നില്ല. വർഷങ്ങളായുള്ള അലച്ചിൽ ആണ് കരപിടിക്കാതെ.

ഷർട്ടിൽ പറ്റിപ്പിടിച്ച ബിരിയാണി മസാല തുടച്ചു നീക്കുമ്പോൾ ഉള്ളിൽ ചിരി വന്നു. നാനൂറു റിയാലോളം വില വരുന്ന ഷർട്ട് ആണ്. അന്ന് ശരീഫ്ക്ക നീ എടുത്തോ എന്ന് പറഞ്ഞു തരുമ്പോൾ മൂപ്പർ അറിഞ്ഞിട്ടുണ്ടാവില്ല ഇത് ഇട്ടു ബിരിയാണി പാക്ക് ചെയ്യാൻ പോവുമെന്ന്. ഷർട്ട് കണ്ട കൂടെ ഉള്ളവർ ഉള്ളിൽ എന്താവണം പറഞ്ഞിട്ടുണ്ടാവുക. വെറുതെ ഓർത്തു നോക്കി.

അല്ലെങ്കിലും ഗൾഫിൽ രണ്ടു കൂട്ടരുടെ കാര്യം എല്ലാരും അറിയും. നല്ല സാമ്പത്തിക നിലയിലുള്ളവരുടെയും തീരെ ഗതി ഇല്ലാത്തവരുടെയും...



ഇതിന്റെ ഇടയിൽ പെടുന്നവർ എന്നും ഹതഭാഗ്യർ ആണ്. അവരുടെ നിലനിൽപ് അവരെ കാണുമ്പോൾ ഉള്ള മറ്റുള്ളവരുടെ കാഴ്ചപ്പാട് പോലെ ആവും എപ്പോഴും..

"എടോ നീ എന്ത് ആലോചിച്ചു നിക്കുകയാ? പോയി ലേശം ഉറങ്ങിയിട്ട് വേണം വൈകിട്ട് കിറ്റ് വിതരണത്തിന് പോകാൻ" ഷാനവാസിന്റെ ഉറക്കെയുള്ള ചോദ്യം കേട്ട് ഫോൺ ലോക്ക് ആക്കി പോക്കറ്റിലേക്കിട്ടു.

എത്ര മുഖങ്ങളാണ് ദിവസവും കാണുന്നത്. പ്രതീക്ഷയുടെ ഉറവ വറ്റിയ മുഖങ്ങൾ.... ഉള്ള ജോലി പോയവർ.. ശമ്പളം മാസങ്ങൾ മുടങ്ങിയവർ... എല്ലാരോടും സംഘടനയ്ക്ക് വേണ്ടി സംസാരിക്കുമ്പോൾ ഉള്ള് പിടച്ചിട്ടുണ്ട്. ഇതിൽ പലരെക്കാളും ദയനീയമാണല്ലോ തന്റെ സ്ഥിതി എന്നത് ഓർത്തു പോകും ചിലപ്പോളൊക്കെ. എങ്കിലും പ്രതീക്ഷയോടെ നമ്മളെ നോക്കി നിൽക്കുന്ന അവരുടെ മുഖം കാണുമ്പോൾ മനസ്സ് തണുക്കും.

വണ്ടി ഡ്രൈവ് ചെയ്ത് റൂമിലേക്കു പോകുമ്പോൾ ഉറക്കം പലവട്ടം വന്നു നോക്കിയിരുന്നു. പിടികൊടുത്തില്ല. കുളിച്ചു കിടക്കയിലേക്ക് കിടന്നപ്പോ റംലയെ ഒന്നു വിളിക്കാമെന്ന് തോന്നി. മറുതലക്കൽ പതിവ് ചോദ്യം.! "ഫുൾ തിരക്ക് തന്നെ വിളിക്കാൻ ഒന്നും നേരം ഉണ്ടാവില്ല, കാര്യം ഒന്നും ഇല്ല താനും". എന്ത് മറുപടി ആണ് കൊടുക്കുക. എപ്പോളും പറയും പോലെ എല്ലാം കാര്യം ഉണ്ടായിട്ട്ആണോആളുകൾചെയ്യുന്നത്എന്നൊരുചോദ്യം മാത്രം ചോദിച്ചു. "ഇങ്ങൾ പോയിട്ട് രണ്ടു കൊല്ലം ആയിന്ന് ഓർമ്മയുണ്ടോ? ഓർമ ഇല്ലാണ്ടിരിക്കുമോ. മോളെ ഒന്നാം ക്ലാസ്സിൽ ചേർത്ത് പോന്നതാണ്. മോളിപ്പം ഓൺലൈൻ വഴി മൂന്നാം ക്ലാസ്സിൽ എത്തി."

സ്വന്തം ബിസിനസ്സ് ഒക്കെ ആയാൽ തോന്നുമ്പോൾ നാട്ടിൽ വരാലോ എന്നല്ലേ അവളോട് പറയാറുള്ളത്. കമ്പനി തരുന്ന ഔദാര്യം പോലത്തെ ഇരുപത്തൊന്നു ദിവസം കൊണ്ടൊക്കെ എന്ത് കാര്യം. ഉള്ളിൽ ചിരി വന്നു.

ഒന്നു സെറ്റ് ആവുന്നുണ്ടെടോ. കൊറോണയും രോഗങ്ങളും എല്ലാം കൂടെ മൊത്തം താളം തെറ്റിപ്പോയി. ഒന്നു റെയിൽ ഇൽ ആവാനുണ്ട്. "ഇതേ ഡയലോഗ് ഞാൻ രണ്ട് വർഷമായി കേൾക്കുന്നു. ഇങ്ങക്ക് വേറെ വല്ല ജോലിയും നോക്കിക്കൂടെ റംല ദേഷ്യത്തോടെ ചോദിച്ചു."

"നമ്മളെ പോലെ വേറെ ആരാ ഉള്ളത് ഒന്നാലോചിച്ചു നോക്ക്. പുറത്ത് നിന്ന് കണ്ടാൽ ആർക്കും ഒന്നും മനസിലാവൂല്ല. ഞാൻ എത്ര ബുദ്ധിമുട്ടിയാണ് ഓരോ ദിവസവും കൊണ്ട് പോകുന്നത് എന്ന് എനിക്ക് മാത്രേ അറിയൂ. ഇങ്ങൾ അഭിമാനം സ്റ്റാറ്റസ് ഒക്കെ നോക്കി അവിടെ തന്നെ ഇരുന്നോ" റംല കെട്ടു പൊട്ടിച്ച പോലെ പറഞ്ഞു കൊണ്ടിരുന്നു.. അവൾ പറയുന്നത് പൂർണമായും ശെരിയാണ്. ഒന്നും പറയാൻ പറ്റില്ല. പലപ്പോഴും അവളുടെ ഉപദേശങ്ങൾ ചെവികൊണ്ടിരുന്നില്ല. അതാവും ഇതാവും എന്നും പറഞ്ഞു പല കച്ചോടങ്ങളും കൊണ്ട് നടക്കുമ്പോൾ പ്രായം അതിലും വേഗം ഓടുന്നത് ഓർത്തില്ല. കടം വാങ്ങി ഓരോ പ്രശ്നം തീർക്കും ആ കടം എങ്ങനേലും വീട്ടും അങ്ങനെ ഒരു ചക്രം പോലെ കൊറേ കൊല്ലം കറങ്ങി തീർന്നു പോയത് അറിഞ്ഞിരുന്നില്ല.

ഷാനവാസിന്റെ കാൾ വന്നപ്പോളാണ് ഉണർന്നത്. ഉറങ്ങിപ്പോയത് അറിഞ്ഞിരുന്നില്ല. പെട്ടെന്ന് എണീറ്റ് കുളിച്ചു റെഡി ആയി താഴെ ഇറങ്ങിയപ്പോ പതിവ് പാക്കിസ്താനി മുന്നിൽ. ചായ് പീയേഗാ ദസ് റിയാൽ ദൂ. പത്തു റിയാലിന് ചായ് മാത്രല്ല റൊട്ടി സബ്ജി കൂടെ വാങ്ങിക്കൊന്ന് പറഞ്ഞു പേഴ്സ് ഇൽ നിന്നു പത്തു എടുത്തു കൊടുക്കുമ്പോൾ ബാക്കി നാല്പത് കൂടെയേ ഉള്ളൂ അതിനു പെട്രോൾ അടിക്കണം എന്നത് ഓർക്കാതിരുന്നില്ല. പണ്ട് മുതലേ അവിടെ ചുറ്റുവട്ടക്കാർക്ക് താനൊരു കച്ചോടക്കാരൻ ആണെന്നത് അറിയാം. വരവും പോക്കും ഒക്കെ പല വണ്ടിയിൽ ഒക്കെ ആവുന്നത് അവർ കണ്ടിട്ടുണ്ടാവും. അവരുടെ കാഴ്ചപ്പാട് മാറ്റാൻ നമുക്കൊന്നും ചെയ്യാൻ കഴിയില്ലല്ലോ. വലിയ കച്ചോടക്കാർ തകരുമ്പോൾ അവർ പൊട്ടി എന്നൊരു വാർത്ത ഇറങ്ങും. ഇടത്തരക്കാർക്ക് അതിനും യോഗം ഇല്ല...!

ഡ്രൈവ് ചെയ്ത് പോകുമ്പോൾ മനസ്സ് നിറയെ ചോദ്യങ്ങൾ ആയിരുന്നു. സ്വന്തം അവസ്ഥ അറിയുന്ന രണ്ടാൾ ഷാനവാസും റംലയും മാത്രമേ ഉള്ളൂ. തന്റെ ഇടപെടൽ ഉള്ള സ്ഥലത്തൊക്കെ എപ്പോഴും പോസിറ്റീവ് ആയി മാത്രം സംസാരിക്കുന്നത് കൊണ്ട് ആളുകൾക്കുള്ള മതിപ്പ് കുറയാറില്ല. ഉള്ളിലെ പ്രയാസങ്ങൾ പുറത്ത് കാണിച്ചു സംസാരിക്കുന്ന ശീലവും പണ്ടേ ഇല്ല.

ഇറങ്ങിയ ഉടനെ ജോലി ഇല്ലാത്ത ഒരാൾ അൻപത് റിയാൽ ചോദിച്ച കാര്യം പറഞ്ഞു ഷാനവാസ്. തന്നോട് വിളിച്ചു പറയാൻ മറന്നു പോയത്രെ വരുന്ന വഴിക്ക് കൊടുത്തിട്ട് പോരാൻ. ഉള്ളിൽ ഒരു നേർത്ത ചിരി പാഞ്ഞുപോയി.

കൊടുക്കാനുള്ള കിറ്റുകൾ ഒക്കെ എടുത്തു വണ്ടിയിൽ വച്ചു പുറപ്പെടുമ്പോൾ ഉള്ളിൽ എന്തെന്നില്ലാത്ത ഒരു സന്തോഷം തോന്നി. ഇത്തരം നന്മകൾ മാത്രം ചെയ്ത് പോകുമ്പോൾ തന്റെ അവസ്ഥകൾ ഈ ലോകത്തിനു മുന്നിൽ എത്ര ചെറുതാണ് എന്ന് തോന്നിയിട്ടെങ്കിലും ഒന്ന് ആശ്വസിക്കാൻ പറ്റുന്നുണ്ട്.

ശരിക്കും താൻ പറഞ്ഞാൽ ആരാണ് വിശ്വസിക്കുക ഹാരിസ് ഓർത്തു നോക്കി. റംലക്ക്പോലും സംശയം ആണ് പലപ്പോഴും. നിങ്ങൾ ജീവിതം ഒറ്റയ്ക്കു ആസ്വദിക്കുകയല്ലേ എന്ന് ചോദിക്കാറുണ്ട്. ഒറക്കം ഇല്ലാത്തത് മൊബൈലിൽ സിനിമ കണ്ടിരിക്കുന്നത് കൊണ്ടാണ് എന്ന പറച്ചിലും കേൾക്കാം. പിറ്റേന്ന് കൊടുക്കാനുള്ള വാടക ചെക്കിനുള്ള ഫണ്ട് എവിടുന്നു തിരിയും എന്ന ചിന്ത കാട് കയറി. നേരം നാലു മണി ആവുന്നതാണെന്ന് തനിക്ക് മാത്രമല്ലെ അറിയൂ. ജീവിതം നഷ്ടപ്പെട്ടു എന്ന് ഒരിക്കലും സ്വയം തോന്നിയിട്ടില്ല. പക്ഷെ റംലയ്ക്ക് തോന്നി തുടങ്ങിയിട്ടുണ്ട്. ഇത് തന്നെയാണ് ജീവിതം എന്ന് അവളെ പറഞ്ഞു മനസിലാക്കാൻ പറ്റുന്നില്ല. അന്നേരം തനിക്കും തോന്നിയിട്ടുണ്ട് നഷ്ടമാണ് എല്ലാമെന്ന്.

റൂം ഇല്ലാഞ്ഞിട്ട് തത്കാലം വേറൊരു റൂമിൽ താമസിക്കുന്ന നാട്ടുകാരൻ ഷംസുക്കയുടെ കയ്യിൽ കിറ്റ് കൊടുത്തപ്പോൾ മൂപ്പർ സന്തോഷത്തോടെ പറഞ്ഞു. "അൽഹംദുലില്ലാഹ്.. ഇവിടെ റൂമിൽ ഭയങ്കര കണക്ക് പറച്ചിലാണ് മോനെ. ഓശാരം തിന്നുന്ന ആളെ നോക്കും പോലെയുള്ള ഒരു നോട്ടവും.. ഇപ്പോ ഒരു മാസത്തേക്ക് ഉള്ള സാധനം അങ്ങ് കൊടുത്താൽ തൊണ്ടയിൽ നിന്നു സമാധാനത്തോടെ ഭക്ഷണം ഇറങ്ങും." മോനൊരു ഉപകാരം ചെയ്യണം. എന്റെ വിസ അടിക്കാൻ വച്ച ഒരു പൈസ ഉണ്ട് എന്റെ കൈയിൽ. അടുത്ത മാസം ആണ് അടിക്കേണ്ടത്. ഇവിടെ എനിക്ക് ഒരു ഉറപ്പ് തോന്നുന്നില്ല. മോന്റെ കയ്യിൽ വച്ചോ അത്. എനിക്ക് അടുത്ത മാസം ഡേറ്റ് ആവുമ്പോ തന്നാ മതി. മോൻ എന്തേലും ആവശ്യമുണ്ടെങ്കിൽ ഉപയോഗിച്ചോ. ഷംസുക്ക ആയിരം റിയാൽ കയ്യിലേക്ക് തരുമ്പോൾ ഒരു പിതാവിന്റെ വാത്സല്യവും സുരക്ഷിതത്വവും ആ കണ്ണുകളിൽ കണ്ടു.

റംല കടം വാങ്ങിയത് കൊടുക്കാനുള്ള പതിനായിരം തത്കാലം ഇതിൽ നിന്നു എടുത്തു അയക്കാമെന്നുള്ള ആശ്വാസത്തോടെ വണ്ടി എക്സ്ചേഞ്ചിലേക് ഓടിക്കുമ്പോൾ ഉള്ളിൽ എന്തോ ഒരു കുറ്റബോധം തോന്നി. ഇല്ല, പടച്ചോൻ ഇത് കാണുന്നുണ്ടാവുമല്ലോ. എന്തോ ഒരു വഴി തത്കാലം കാണിച്ചതാവാം എന്ന് ആശ്വസിച്ചു.

എക്സ്ചേഞ്ചിൽ നിന്നിറങ്ങുമ്പോൾ റംലയുടെ മെസ്സേജ്. "നമ്മളെ മാവും പൂക്കുമായിരിക്കും ല്ലെ ഹാരിസ്ക്കാ."

പൂത്തു നിൽക്കുന്ന ഈന്തപ്പന നോക്കി മറുപടി കൊടുത്തു. "പൂക്കാതെ പിന്നെ.. ചൂടും തണുപ്പും ഒരേ പോലെ ഏറ്റു വാങ്ങി പൂത്തുലഞ്ഞു കായ്ക്കുന്ന ഈന്തപ്പനകൾ പോലെ..." ■

2021-ലെ മവാഖ്
മെമ്പർഷിപ്പ് ക്യാമ്പയിൻ
ആരംഭിച്ചിരിക്കുന്നു.

MAWAQ
Maniyur Muslim Welfare Association Qatar

മവാഖ്
പ്രവർത്തന പന്ഥാവിൽ
രണ്ട് പതിറ്റാണ്ട് തികയ്ക്കുകയാണ്.

ഖത്തറിലെ മണിയൂർ
വാസികളോടൊപ്പം
നാട്ടിലെ നിവാസികൾക്കും
ഒരുപോലെ
തണൽ തീർത്ത 20 വർഷത്തെ
കർമ്മോത്സുകത...

## യാത്രയയപ്പ് നൽകി





ദീർഘകാലം മവാഖ് ഭാരവാഹിത്വം വഹിച്ചിരുന്ന **സി.കെ. മൊയ്തുക്ക** പ്രവാസം മതിയാക്കി നാട്ടിലേക്ക് പോകുന്നതിനോടനുബന്ധിച്ച് അദ്ദേഹത്തിന് യാത്രയയപ്പ് നൽകി. 2021 ജൂൺ 12 ശനിയാഴ്ച രാത്രി 8.30–ന് നടന്ന ചടങ്ങിൽ മവാഖ് പ്രതിനിധികൾ അദ്ദേഹത്തിന് ഉപഹാരം കൈമാറി.



# പെരുന്നാളുകൾ നമ്മളോട് പറയുന്നത്

**അഹമ്മദ് കരിങ്ങാറ്റിൽ**

**കാ**ലത്തിന്റെ ചെപ്പിൽ അല്ലാഹു നമുക്ക് വേണ്ടി കരുതിവെച്ച രണ്ടു അമൂല്യ സമ്മാനങ്ങളാണ് നമ്മുടെ രണ്ടു പെരുന്നാളുകൾ. മുസ്‌ലിങ്ങളുടെ പൊതുവായ രണ്ട് ആഘോഷ ദിവസങ്ങൾ. കാലത്തിന്റെ പ്രയാണത്തിൽ ഋതുഭേദമന്യേ എല്ലാവർഷവും ഇവ നമ്മുടെ അടുത്തേക്ക് വിരുന്നെത്തുന്നു. നമ്മെ പുത്തൻ ഉടയാടകൾ അണിയിച്ചും വിഭവ സമൃദ്ധമായ ഭക്ഷണങ്ങൾ ആസ്വദിപ്പിച്ചും ബന്ധു വീടുകളിൽ നിന്നും അയൽപക്കങ്ങളിൽ നിന്നും സ്നേഹവും ആശംസകളും വാരിക്കോരി നൽകിയും നമ്മെ സന്തോഷോന്മത്തരാക്കുന്നു. അടുത്ത പെരുന്നാൾ വരെയോ അതല്ലെങ്കിൽ ഒരായുഷ്ക്കാലം പൂർണ്ണമായോ ഓർക്കാനും അയവിറക്കാനുമുള്ള അനുഭവങ്ങളും അറിവുകളും നമുക്ക് പകർന്നു നൽകിയാണ് ഓരോ പെരുന്നാളുകളും നമ്മോട് വിട പറയുന്നത്.

ഇതൊക്കെയും പെരുന്നാളുകൾ നമുക്ക് തന്നിട്ട് പോകുന്ന കാര്യങ്ങളാണെങ്കിലും പെരുന്നാളുകൾ നമ്മോട് പറഞ്ഞിട്ട് പോകുന്ന ചില ഓർമ്മപ്പെടുത്തലുകളും സരോപദേശങ്ങളും ഉണ്ട്. പക്ഷേ നിർഭാഗ്യവശാൽ അതൊന്നും നമ്മുടെ മനസ്സിനെ ആഴത്തിൽ സ്പർശിക്കുകയോ നമ്മെ സ്വാധീനിക്കുകയോ ചെയ്യുന്നില്ല. ഇപ്പൊൾ നമ്മോട് ഒപ്പമുള്ളത് ബലി പെരുന്നാളിന്റെ സുദിനങ്ങളാണ്. ഒരുപക്ഷെ ഈ കുറിപ്പ് നിങ്ങളിൽ എത്തുമ്പോഴേക്കും പെരുന്നാൾ വിടപറഞ്ഞിട്ടുണ്ടാവാമെങ്കിലും അത് നമുക്ക് നൽകിയ സന്തോഷത്തിന്റെയും ആഹ്ലാദത്തിന്റെയും അലയടികൾ മനസ്സുകളിൽ കെട്ടടങ്ങിയിട്ടുണ്ടാവില്ല. പെരുന്നാൾ നമുക്ക് നൽകിയ അനുഭവങ്ങൾ നമ്മുടെ സ്മൃതിമണ്ഡലത്തിൽ നിറം മങ്ങാതെ തങ്ങിനിൽക്കുകയും, അതിന്റെ അയവിറക്കൽ നമ്മെ ഹർഷപുളകിതരാക്കുമ്പോഴും പെരുന്നാൾ നമുക്ക് നൽകിയ അറിവിന്റെ നുറുങ്ങുകളും ഗുണപാഠങ്ങളും നമ്മുടെ ഓർമകളിൽ അല്പായുസ്സായി ഒടുങ്ങിപ്പോകുന്നു.

അടുത്ത പെരുന്നാളിന് വേണ്ടിയുള്ള കാത്തിരിപ്പിന്റെ ഈ ഇടവേള ഞാൻ നേരത്തെ സൂചിപ്പിച്ചത് പോലെ എന്താണ് പെരുന്നാൾ നമ്മോട് പറഞ്ഞിട്ട് പോയത് എന്ന് ആലോചിക്കാനുള്ള സമയമാണ്.

നമ്മൾ പാടിപ്പഠിച്ച പാട്ടുകളിൽ നിന്നും കേട്ടു പഠിച്ച വിരേതിഹാസ കഥകളിൽ നിന്നും ബലി പെരുന്നാളിനെക്കുറിച്ച് നാം മനസ്സിലാക്കിയിരിക്കുന്നത് അതൊരു ത്യാഗ സ്മരണ മാത്രമായിട്ടാണ്. ഇബ്രാഹിം നബി ചെയ്ത ത്യാഗത്തിന്റെ ഓർമ പുതുക്കലാണ് പെരുന്നാൾ എന്ന് നിസ്സംശയം പറയാമെങ്കിലും യഥാർത്ഥത്തിൽ ആ ഒരു ഓർമ്മ പുതുക്കൽ മാത്രമായി ഒതുങ്ങിപ്പോകേണ്ടതാണോ പെരുന്നാൾ നൽകുന്ന സന്ദേശം. ഇത് കൊണ്ട് മാത്രമാണോ പെരുന്നാൾ മഹത്തരവും സവിശേഷവുമാകുന്നത്. ഇബ്രാഹിം നബിയുടെ വിശ്വാസം പരീക്ഷിക്കുക മാത്രമായിരുന്നോ അല്ലാഹു ലക്ഷ്യമാക്കിയത്. അങ്ങിനെ ചെയ്യാൻ ഇബ്രാഹിം നബിയുടെ തൗഹീദിനു എന്തെങ്കിലും കുഴപ്പം ഉണ്ടായിരുന്നോ, ഇതൊന്നുമല്ലാത്ത മറ്റെന്തൊക്കെയോ കാരണങ്ങൾ ആണ് ആ ബലി ആവിഷ്കാരത്തിലൂടെ അല്ലാഹു നിശ്ചയിച്ചത്. സ്പഷ്ടമായും വ്യക്തമായും നമുക്കു ഉറപ്പിച്ചു പറയാൻ കഴിയുന്ന വിഷയമല്ല. എങ്കിലും അല്ലാഹു നമുക്കു അവതരിപ്പിച്ചു തന്നതൊക്കെയും ദൃഷ്ടാന്തങ്ങൾ ആണ്. ആ ദൃഷ്ടാന്തങ്ങളുടെ പൊരുളറിയാനുള്ള അന്വേഷണങ്ങൾ ഒരു വിശ്വാസിയുടെ ഭാഗത്ത് നിന്നും ഉണ്ടാവണമെന്ന് അല്ലാഹു നിഷ്കർഷിക്കുന്നു. തീർച്ചയായും ഇബ്രാഹിം നബി അതിജീവിച്ചത് അല്ലാഹുവിന്റെ കടുത്ത പരീക്ഷണം തന്നെയായിരുന്നു. ആ പരീക്ഷണം ഒരു ദൃഷ്ടാന്തമായി എടുക്കുകയും അതിന്റെ കാര്യകാരണങ്ങളിലേക്ക് മനസ്സിനെ വ്യാപരിക്കുകയും ചെയ്യുമ്പോഴാണ് പെരുന്നാളിന്റെ യഥാർത്ഥ മഹത്വം നമ്മുടെ മുന്നിൽ അനാവരണം ചെയ്യപ്പെടുക. ഇസ്‌ലാമിൽ വിശ്വാസം എന്നത് ആത്മ സമർപ്പണമാണ്. അത് കേവലം ആത്മീയത മാത്രമായി നമ്മുടെ ഉള്ളിൽ ഒതുങ്ങേണ്ടതല്ല. വിശ്വാസത്തിന്റെയും കർമ്മത്തിന്റെയും സങ്കലനമാണ് ഇസ്‌ലാം വിഭാവനം ചെയ്യുന്നത്. ഈമാൻ എന്നത് കേവലം നമ്മുടെ ഉള്ളിലെ വിശ്വാസമല്ല. നമ്മിലെ ആന്തരിക ചൈതന്യത്തിൻെറ പ്രകാശിത രൂപമാണ്. കർമ്മങ്ങളിലൂടെയാണ് അത് ബഹിർഗമിക്കേണ്ടത്. അതാണ് വിശ്വാസത്തിന്റെ പൂർണത. ഇബ്രാഹിം നബിയുടെ ഉള്ളിലുള്ള വിശ്വാസത്തിന്റെ ബഹിസ്ഫുരണമാണ് അല്ലാഹു അനാവരണം ചെയ്ത ബലികർമ്മം. വിശ്വാസം നിലനിർത്താൻ വേണ്ടി നാം ചെയ്യുന്ന എല്ലാ ആരാധനകളിലും ത്യാഗം അന്തർലീനമാണ്. നമസ്കാരം, ഹജ്ജ്, സകാത്ത്, നോമ്പ് തുടങ്ങിയ എല്ലാ ആരാധനകളും തൗഹീദിന്റെ പ്രാവർത്തിക രൂപങ്ങളാണ്. ത്യാഗമില്ലാതെ ഇതൊന്നും അനുവർത്തിക്കുക ഒരാൾക്കും സാധ്യമല്ല തന്നെ. ഓരോ നമസ്കാര ശേഷവും ആത്മ നിർവൃതി നേടാൻ കഴിയണമെങ്കിൽ ഈ ഒരു ബോധം നമ്മിൽ ശക്തമായി നിലനിൽക്കണം അല്ലെങ്കിൽ എല്ലാം യാന്ത്രികമായിപ്പോകും. ഓരോ ആരാധനാ കർമ്മങ്ങൾ അനുഷ്ഠിക്കുമ്പോഴും നമ്മിലെ വിശ്വാസം പ്രവർത്തിയിലൂടെ നാം സ്വയം ത്വര്യപ്പെടുത്തുകയാണ്. നമ്മുടെ മനസ്സിലെ എല്ലാ വികാരങ്ങളും പ്രകടിപ്പിക്കാൻ ഉള്ളതാണ്. അതുപോലെ നമ്മുടെ വിശ്വാസവും. നമ്മുടെ പ്രവർത്തനങ്ങളിലൂടെ അത് പ്രതിഫലിക്കുമ്പോൾ മാത്രമേ ഒരു വിശ്വാസിയാണ് എന്ന് നമുക്ക് ആശ്വസിക്കാൻ കഴിയൂ. അല്ലാഹു നമ്മെ എല്ലാവരെയും ഉത്തമ വിശ്വാസികളിൽ പെടുത്തുമാറാകട്ടെ. ■



MAWAQ
Career guidance & Information Center

## MAWAQ BLOOD DONORS DIRECTORY

*സുഹൃത്തേ...*
*ഒരു നിമിഷം,*

*നിങ്ങളുടെ രക്തം*
*ഒരു ജീവൻ രക്ഷിച്ചേക്കാം.*
*ഒരു തവണ രക്തം ദാനം*
*ചെയ്യുമ്പോൾ മൂന്ന് പേരുടെ*
*ജീവൻ രക്ഷിക്കാനായേക്കാം.*

*മവാഖ് ഒരുക്കുന്ന*
*ബ്ലഡ് ഡോണേഴ്സ്*
*ഡയറക്ടറിയിൽ നിങ്ങളും*
*അംഗമാവുക.*

*രക്തദാനം മഹാദാനം.*

*രക്തദാനത്തിനു*
*സന്നദ്ധരാണെങ്കിൽ*
*നിങ്ങളുടെ വിവരങ്ങൾ*
*നൽകുക.*



MAWAQ




# കഴിഞ്ഞ ലക്കം മവാഖ് ബുള്ളറ്റിൻ ഒരു അവലോകനം

സമീറ കുറുന്തോടി

മവാഖിൽ നിന്നും മവാഖിനെ തൊട്ടറിയാൻ നമ്മളിലേക്കെത്തിച്ചേർന്ന ത്രൈമാസ ബുള്ളറ്റിൻ എല്ലാം കൊണ്ടും പ്രൗഢോജ്ജ്വലമായിരുന്നു. കൺകുളിർമ്മയുള്ള രൂപഭംഗിയും അതിലേറെ എഴുത്തുകാരുടെ ആശയസമ്പുഷ്ടമായ അനുഭവങ്ങളുടെ വരികളും കൊണ്ട് സമ്പുഷ്ടമായിരുന്നു. സഹോദരൻ പ്രൊഫ: സലിം കെ.സി-യുടെ വരികളിലൂടെ ഒരു വിശദീകരണത്തിന്റെ ആവശ്യമില്ലാതെ മവാഖിന്റെ എല്ലാ വശങ്ങളും ഒരു ചട്ടക്കൂടിൽ വളരെ വൃത്തിയായി അടുക്കി എഴുതിവെച്ചതായി കാണാം. മവാഖിന്റെ മനസ്സിനെ തൊട്ടറിഞ്ഞ അവരുടെ വരികൾ മവാഖിന്റെ ആത്മാവിനെ തൊട്ടറിഞ്ഞ വാക്കുകളായും സാക്ഷ്യങ്ങളായും ആണ് നമുക്ക് മനസിലാകുന്നത്.


പടിവാതിൽക്കലെത്തി നിൽക്കുന്ന പരിശുദ്ധമായ റമദാൻ മാസത്തിന്റെ പരിശുദ്ധിയിൽ ഒരു വിശ്വാസി എങ്ങിനെയായിരിക്കണം നോമ്പിനെ വരവേൽകുന്നത് എന്നും, എന്താണ് അതിലൂടെ ജീവിതത്തെ പരിവർത്തിപ്പിച്ചെടുക്കാൻ നമ്മൾ നേടിയെടുക്കേണ്ടത് എന്നും വളരെ ലളിതമായ രീതിയിൽ ബഹുമാനപെട്ട നസീർ മദനിയുടെ എഴുത്ത് ഹൃദയത്തിൽ തട്ടുന്ന വാക്കുകൾ തന്നെയായിരുന്നു.

മണിയൂർ പഞ്ചായത്തിലെ സ്ത്രീ ശാക്തീകരണത്തിന്റെ ഹഫ്സത് കുന്നത്കര എഴുതിയ ലേഖനവും വളരെ ഹൃദ്യമായിരുന്നു. വളരെ നല്ല നിർദ്ദേശങ്ങൾ നൽകിക്കൊണ്ടുള്ള ഒരു ലേഖനം തന്നെയായിരുന്നു.

പല രീതിയിലുള്ള മാറ്റങ്ങളും പുരോഗമന ചിന്തകളും സ്ത്രീകളുടെ കൂട്ടായ്മ മണിയൂർ പഞ്ചായത്തിന് ഒരു പൊൻതൂവൽ ആവാൻ കഴിയുമെന്ന് സഹോദരിയുടെ വാക്കുകളിൽ തെളിഞ്ഞുകാണാം പരിശുദ്ധനായ നാഥൻ നമ്മുടെ ലക്ഷ്യങ്ങളൊക്കെയും പൂർത്തീകരിച്ചു തരുന്നതാവട്ടെ. സ്ത്രീകളുടെ കുട്ടായ്മയിലൂടെ വളരെ നല്ല രീതിയിൽ മുന്നോട്ട് കൊണ്ടുപോയ ഒരു സംരംഭമായിരുന്നു വിധവ സംരക്ഷണം. വളരെ ഉത്സാഹത്തോടു കൂടിയായിരുന്നു സഹോദരിമാരുടെ ഭാഗത്തുനിന്നുള്ള ഇടപെടലുകൾ.

ചർച്ചകളിലൂടെയും നല്ല രീതിയിൽ അത് കൈകാര്യം ചെയ്യാൻ കഴിഞ്ഞതിലുള്ള ആത്മ സംതൃപ്തി സഹോദരി റബിയ സലാമിന്റെ വാക്കുകളിലൂടെ നമുക്ക് മനസിലാക്കാൻ കഴിഞ്ഞു. വിധവയുമായി ബന്ധപ്പെട്ട സഹോദരി ഹഫ്സത് കുന്നത്ത്കരയുടെ വാക്കുകളിൽ അവർക്കുള്ള പുനർ വിവാഹത്തിനെ പറ്റിയുള്ള സൂചന വായിച്ചിരുന്നു. എനിക്കും നല്ലതായിത്തോന്നിയ ഒരു ആശയം തന്നെയായിരുന്നത്.

ഇടപെടലുകളിലൂടെയും കൗൺസിലിംഗുകളിലൂടെയും അവർക്ക് ജീവിതത്തിൽ പുതിയ നിറങ്ങൾ വെച്ചുപിടിപ്പിക്കുന്ന രീതിയിലുള്ള നീക്കങ്ങളും അലോചിക്കാവുന്നതായിരുന്നു. ഭാര്യയുടെയോ മക്കളുടെയോ വിയോഗത്തിലൂടെ ജീവിതത്തിന്റെ നിറം പാടേ കെട്ടുപോന്നില്ലെന്നുള്ള ഇസ്‌ലാമിന്റെ ആശയം ഇവിടെ ചേർന്നു നിൽകുന്നു. മുനീർ എം.പി-യുടെ വാക്കുകൾ പ്രവാസ ജീവിതത്തിന്റെ ഓരോ കാലഘട്ടങ്ങളിലും അന്നും ഇന്നും ഉണ്ടായ മാറ്റങ്ങളും പ്രവാസികളുടെ പല രീതിയിലുള്ള മാറ്റങ്ങളും അവരുടെ കടമകളും കർത്തവ്യങ്ങളും കുടുംബത്തിനും നാടിനു വേണ്ടിയും സമർപ്പിക്കുന്നതിൽ മുൻപന്തിയിൽ തന്നെയാണ്. പ്രവാസ ജീവിതാനുഭവങ്ങളുടെ ഒരു കലവറ തന്നെ ആ എഴുത്തിൽ മുന്നിട്ടുനിൽക്കുന്നതായി കാണാം. പ്രിയ സഹോദരി ഹവാ ഷഹ്നയുടെയും സഹോദരൻ സിറാജുദ്ദീന്റെയും വാക്കുകളിൽ പരിശുദ്ധ ഖുർആൻ വളരെ ലളിതമായ രീതിയിൽ ആശയം ഗ്രഹിച്ചുകൊണ്ട് മനസിലാക്കാൻ മവാഖ് ഒരുക്കിയ ഖുർആൻ പഠന പദ്ധതിയുടെ ഭഗവാക്കാവാൻ കഴിഞ്ഞതിലൂടെ ഖുർആനിന്റെ മധുര്യം മനസിലാക്കാൻ കഴിഞ്ഞതിന്റെ സന്തോഷം അവരുടെ എഴുത്തിലൂടെ തിളങ്ങി നിൽക്കുന്നതു കാണാമായിരുന്നു. പിന്നെ പറയാനുള്ളത് എനിക്കും ഈ ബുള്ളറ്റിനിൽ എഴുതാനുള്ള സുവർണാവസരം കിട്ടി എന്നുള്ളതാണ്. ആനുകാലികമായിട്ടുമുള സംഭവങ്ങൾ വെച്ചുള്ള ചർച്ചകളോ ലേഖനങ്ങളോ എഴുതാൻ വേണ്ടിയുള്ള ഒരു ചെറിയ ചിന്തയിൽ നിന്നും ഉയിർകൊണ്ടതാണ് ഞാൻ എഴുതിയ കഥ. 'അപൂർവം ചിലർ' വായിച്ചവരിൽനിന്നും കിട്ടിയ നല്ല അഭിപ്രായങ്ങൾ വളരെ സന്തോഷമേകിയിരുന്നു. എല്ലാം കൊണ്ടും മവാഖിന്റെ ത്രൈമാസ ബുള്ളറ്റിൻ എപ്രിൽ ലക്കം മികവുറ്റ എഴുത്തുകാരുടെ സാമീപ്യത്താൽ മനോഹരം തന്നെയായിരുന്നു. മവാഖിന്റെ യശസ്സ് ഒരു പടികൂടി മുന്നോട് കുതിക്കാൻ ഈ ത്രൈമാസ ബുള്ളറ്റിൻ സഹായകമായിട്ടുണ്ടെന്നുള്ളത് ഒരു വസ്തുത തന്നെയാണ്. ■




എഡിറ്റോറിയൽ
ബോർഡ് അംഗങ്ങൾ
അഹമ്മദ് കരിങ്ങാറ്റിൽ
ടി.എം.സി സാദത്ത്
നൗഷാദ് പി.കെ
ജുനൈദ് മർവ
അബ്ദുസലാം കെ

കോ-ഓർഡിനേറ്റർ
മുനീർ എം.പി

Cover Design & Layout
NASEER PK
+91 9497 33 57 52